

# AGORA

WHERE THE MINDS MEET ...



MOUNT CARMEL COLLEGE

MAGAZINE 2024-2025




# Statement of Ownership




| | | |
|---|---|---|
| *Chief Editors* | : | *Fr. Shaji Augustine* |
| | | *Fr. Jose Alex* |
| *Staff Editors* | : | *Ms. Rigi M Jacob* |
| | | *Ms. Aneetta Sara Thankachan* |
| *Student Editors* | : | *Mr. Karthik Shine* |
| | | *Mr. Albin Saji* |
| | | *Ms. Shabna Sherin* |
| | | *Ms. Sairah Maria Gladson* |
| | | *Ms. Krishnapriya P B* |
| *Page Layout & Design* | : | *Mr. Muhammed Sabith M F* |
| | | *Mr. Gayos M Aji* |
| *Published by* | : | *Mount Carmel College Karukadom* |



*Copyright* : *Mount Carmel College Karukadom*

കാലമിനിയുമുരുളും വിഷു വരും
വർഷം വരും തിരുവോണം വരും
പിന്നെയോരോ തളിരിനും പൂ വരും കായ് വരും
അപ്പോളാരെന്നും എന്തെന്നും ആർക്കറിയാം
നമുക്കിപ്പോഴീ ആർദ്രയെ ശാന്തരായി
സൗമ്യരായി എതിരേൽക്കാം ...





MOUNT CARMEL COLLEGE
KARUKADOM



# MOUNT CARMEL COLLEGE

*Wisdom Liberates*

# MOUNT CARMEL COLLEGE
## KARUKADOM P.O , KOTHAMANGALAM



*Rev. Fr. Sebastian N Paul*
*Patron*

*Rev. Dr. Boby Sebastian*
*Manager*




# Our Governing Body

***Rev. Fr. Shaji Mangalath***
***Principal***

***Rev. Fr. Jose Alex***
***Vice-Principal***

***Rev. Fr. Ebin Baby***
***Bursar***

# AGORA

WHERE THE MINDS MEET ...

Where stories whisper,
where ideas ignite,
where voices gather,
bathed in wisdom's light.
On common ground,
where minds in concert play,
AGORA opens, a bright new dawn today.



# MAGAZINE CREW

## Magazine Editor



Karthik Shine

## Page Layout & Design



Gayos M Aji



Muhammed Sabith M F

## Members



Albin Saji



Shabna Sherin



Krishnapriya P B



Sairah Maria Gladon

# MAGAZINE CREW



*Rev. Fr. Shaji Augustine*
*Principal*



*Rev. Fr. Jose Alex*
*Vice Principal*



*Rev. Fr. Ebin Baby*
*Bursar*



*Ms. Rigi M Jacob*



*Ms. Aneetta Sara Thankachan*



*Ms. Remya Chandran*



*Ms. Jinu P. Paul*

# UNION MEMBERS



**Fathima H**
Chairperson



**Mahima K Roy**
Vice Chairperson



**Adithya Manoj**
General Secretary



**Nora Ann Shibu**
Arts Club Secretary



**Karthik Shine**
Magazine Editor



**Joish Joy**
UUC



**Arjun Jayakumar**
UUC



**Akshara Anil**
Lady Rep



**Anakha Binu**
Lady Rep



**Appu Manoj**
Sports Coordinator



**Arjun Rajesh**
I$^{st}$ DC Rep



**Jacob Eldo Jaison**
II$^{nd}$ DC Rep



**Alen Saju**
III$^{rd}$ DC Rep



**Subin T**
II$^{nd}$ PG Rep



**Rev. Fr. Sebastian N Paul**
**Patron**

**I am in profound joy to address you all through this year's college magazine named "AGORA."** This magazine is not only a collection of articles, poems, and artwork, but a reflection of the creativity, talent, and vibrant spirit that defines our student community.

As the patron of this esteemed institution, I am proud to witness the growth and achievements of our students, both academically and personally. Each one of you holds within you immense potential to shape the future, not just for yourselves but for society as a whole. Through your dedication, creativity, and pursuit of knowledge, you are contributing to the legacy of excellence that our college upholds.

I encourage you to make the most of your time here—embrace opportunities to learn, lead, and innovate. Let this magazine be a testament to your efforts, dreams, and the vibrant community we have fostered together.

Congratulations to the management, teaching and non-teaching faculty and the editorial team and contributors for bringing this magazine to life. May this magazine inspire all who read it and stand as a reminder of the beautiful journey of learning and growth we share as a college family.



**Fr. Dr. Boby Sebastian**
**Manager**

**Agora** College Magazine covers various themes focused on creativity and personal expression. The magazine encourages students to experiment with different forms of content, including written articles on social and political issues, matters that influence creativity and personal ideologies.
The magazine serves as a platform for students to share their experiences and insights creatively.

The name of the magazine focuses on connectivity and much more a sense of interconnectivity. "Auch aus Steinen, die einem in den Weg gelegt werden, kann man Schönes bauen." This German quotation by Johann Wolfgang von Goethe could be translated in the following way. "Even from stones placed in one's path, one can build something beautiful." This quote emphasises the importance of understanding, the journey of life, and the potential for growth through challenges, illustrating the interconnectedness of human experiences.

In Italian there is a beautiful saying, "Siamo tutti legati da un filo invisibile," which means "We are all connected by an invisible thread." This highlights the unseen bonds that unite humanity. This idea is very well expressed in the French language by its expression "Tout est lié," which means "Everything is connected." This succinct phrase captures the essence of interconnectedness in life. These quotes reflect the significance of relationships and shared experiences in fostering a sense of unity. Antonio Machado beautifully shared his concept of connectivity as journeying together in Spanish, "Caminante, no hay camino, se hace camino al andar." This quotation is rendered as, "Traveller, there is no path; the path is made by walking." This emphasises the journey we create together.

From the management, I wish all the very best for our college magazine. May I have the pleasure of thanking all the members of the editorial board and all those who are contributing to the successful completion of this magazine. I sincerely expect that our attempts together as part of the publication of Agora College Magazine will certainly bring the strong sense that we are one and we are all connected as persons and as members of the big human family.




Fr. Shaji Augustine
Principal

Dear Students, Faculty, and Staff,

It is my pleasure to introduce this edition of Agora, our college magazine. This publication is a testament to the creativity, talent, and dedication of our students. Agora serves as a platform for expression, reflection, and connection, embodying the spirit of our institution.

The name "Agora" itself is deeply symbolic. In ancient Greece, the Agora was a public space where citizens gathered to discuss ideas, share news, and engage in civic life. It was a hub of intellectual exchange and cultural dialogue. In many ways, our college mirrors this concept. We are a microcosm of society, where students from various backgrounds come together to learn, grow, and challenge one another. Agora is our modern-day forum, a space where your voices can be heard and your stories can be share

As we strive for academic excellence, it is essential to nurture the holistic development of our students. Agora provides a platform for students to express themselves, share their perspectives, and showcase their skills.

I encourage you to continue exploring your passions, pursuing your interests, and pushing the boundaries of innovation. Your contributions to Agora are a reflection of our college's commitment to fostering a culture of creativity, critical thinking, and intellectual curiosity.

In closing, I would like to extend my heartfelt gratitude to the editorial team and all contributors who have worked tirelessly to bring this edition of Agora to life. Your creativity and commitment to excellence are truly inspiring. I encourage all of you to engage with this magazine, share your thoughts, and contribute to future editions. Let us continue to foster a culture of collaboration and creativity, ensuring that Agora remains a vibrant reflection of our college community.

Thank you for being a part of this journey. Together, let us embrace the spirit of Agora and make this event one of growth, discovery, and connection.




Fr. Jose Alex
Vice Principal

I'm very happy to pen a message for AGORA—where minds come together—our college magazine, which serves as a vibrant platform for creativity, expression, and intellectual exploration.

First and foremost, I extend my heartfelt gratitude to our esteemed Principal, whose visionary leadership continues to guide and inspire us in all our endeavors. I also wish to thank our dedicated Bursar for his unwavering support and encouragement, ensuring the smooth functioning of our institution.

I would like to congratulate the editorial board, led by Mr. Karthik Shine and supported by Ms. Rigi and Ms. Aneetta Sara Thankachan as staff editors, for their hard work, creativity, and dedication in bringing this magazine to life. Your efforts have resulted in a publication that is both engaging and enriching.

A special word of appreciation goes to the teaching and non-teaching staff for their tireless efforts and commitment to the growth and welfare of our college community. Their contributions are invaluable in shaping the future of our students.

To our dear students, who have poured their hearts and minds into this magazine, I commend you for your talent and enthusiasm. Your articles, poems, artworks, and other contributions reflect the diversity and brilliance of our student community.

May AGORA continue to serve as a beacon of knowledge and inspiration, encouraging us all to learn, grow, and excel.




**Fr. Ebin Baby**
**Bursar**

It is with great pleasure that I extend my heartfelt congratulations to all involved in bringing this edition of AGORA – Where Minds Meet to fruition. As the Bursar of our esteemed institution, it fills me with immense pride to witness the hard work, creativity, and dedication that has gone into this magazine.

The college magazine serves as a testament to the spirit of collaboration, intellectual growth, and community that we foster here. It reflects the diverse ideas, aspirations, and accomplishments of the editorial board, our student, teachers and non-teaching staff. Through the pages of AGORA, we celebrate the union of knowledge and creativity, where minds meet and flourish.

I would also like to take this opportunity to express my gratitude to all those who have contributed, whether through their writing, artistic input, or organizational efforts. Your commitment is invaluable and makes AGORA a vibrant part of our college's legacy.

As we continue our journey together, let us remember that the pursuit of knowledge and the sharing of ideas are at the heart of what makes our institution so special. I look forward to seeing this tradition grow in the years to come.

Once again, congratulations to everyone involved, and I wish you all continued success in your academic and creative endeavors.




Ms. Rigi M Jacob
Ms. Aneetta Sara Thankachan
Staff Editors

Being human is the most challenging task for a creature to undertake in this universe. The task of being human is actualized through our ability to socialize and live in a community that we build ourselves. It is this transition from human beings to being human that makes us worthy of living on this planet.

In this built-in community, we interact and collaborate with others, we develop habits of innovation and appreciation, beyond our innate faculties.

It is this habit that takes us forward and aids us in embracing the life we crave. This spirit sustains, continues, and remains an ongoing process of enlightening human lives, including our own.

Agora is a community envisioned by MCCians to illuminate their innovative faculties. Through discussions and artistic expression, students inspire, critique, and appreciate each other's work, ultimately capturing the essence of campus life.



Fathima H
Chairperson

ഒത്തുചേരലുകളുടെ ഇടമാണ് കലാലയം.
ചുവരുകളിലും ചുവടുകളിലും കല വിരിയുന്നിടം.
ചിന്തകളിലും എഴുത്തുകളിലും വ്യത്യസ്തതകളുടെ
വിപ്ലവം സൃഷ്ടിക്കുന്നിടം.
വരികളിലൂടെ, അക്ഷരങ്ങളിലൂടെ, കലാസൃഷ്ടികളിലൂടെ
തന്റെ അഭിപ്രായങ്ങളും വാഗ്വാദങ്ങളും
തുറന്നു കാണിക്കുന്നവരാണ് ഓരോ കലാകാരന്മാരും.
അവരുടെ ചിന്തകളെ അടയാളപ്പെടുത്തുവാൻ ഈ
തൂലിക ഒരു വഴികാട്ടിയായി കൂടെ കൂട്ടുക..
ഇവിടെ, ഓരോ ശബ്ദവും ഒരു പ്രതിധ്വനിയായി മാറുന്നു,
ഓരോ നിശ്ശബ്ദതയും ഒരു സന്ദേശമായി മാറുന്നു. ഓരോ
ചിന്തയും ഒരു വിളക്കുതിരിയായി കത്തി, ഇരുട്ടിനെ
വെല്ലുന്നു. ഇവിടെ, സ്വപ്നങ്ങൾ വാക്കുകളായി മാറുന്നു,
വാക്കുകൾ കവിതകളായി മാറുന്നു, കവിതകൾ
ജീവിതത്തിന്റെ സ്പർശമായി മാറുന്നു.

ഓരോ കലാകാരനും ഒരു സഞ്ചാരിയാണ്, അവരുടെ
കലാസൃഷ്ടികൾ ഒരു പാലമാണ്, ഒരു ലോകത്തിൽ നിന്ന്
മറ്റൊരു ലോകത്തിലേക്ക് കടത്തിവിടുന്നത്.
വൈവിധ്യങ്ങളുടെ വ്യത്യസ്തതകളുടെ വേർചിന്തകളുടെ
കൂടിച്ചേരലാണ് 'AGORA'.

# AT A GLANCE


| | |
|---|---|
| അമ്മ പഠിപ്പിച്ചവ | 18 |
| എല്ലാ കൊയ്ത്തിലും നൂറുമേനി വിളഞ്ഞെന്ന് വരില്ല | 19 |
| MANIPUR VIOLENCE | 21 |
| MIRRORING THE SELF | 23 |
| COLLEGE BLINK | 24 |
| मेरे सपने का भारत | 25 |
| ഉൾക്കണ്ണിന്റെ വെളിച്ചത്തിൽ | 26 |
| खुद की पहचान | 29 |
| അസ്തമയം | 30 |
| MET GALA | 33 |
| A KITCHEN STORY | 34 |
| MAGIC OF TOUCH | 35 |
| ഗുൽമോഹർ | 36 |
| COLLEGE LIFE THROUGH MY EYES | 38 |
| RESTRICTION | 40 |
| एक अनोखी यात्रा | 41 |
| പ്രണയത്തിന്റെ നീലഞരമ്പുകൾ | 42 |
| मेरी ज़िदगी | 43 |
| ആണിനും പെണ്ണിനും മാത്രം നീതി മതിയോ | 44 |
| 24/7 BEGAN OVERNIGHT | 45 |
| ഹാ സ്വദുഃഖ നാടകം | 46 |
| ഓർമ്മയുടെ അടയാളങ്ങൾ | 48 |
| WINGLESS BIRD | 49 |
| ഒറ്റധ്രുവമുള്ള ഭൂമി | 50 |
| THE VOYAGE OF QUEST | 51 |
| UNION REPORT 2024 2025 | 52 |

# അമ്മ പഠിപ്പിച്ചവ

ഓരോ മുള്ളിന്നുമപ്പുറം
പുലരുന്ന പൂക്കളെ
കാണാൻ പഠിപ്പിച്ചെന്നെ
വളർത്തിയോളമ്മ...

കാരമ്പുകൾ വന്നെന്റെ
ചോരയിറ്റിക്കേ.. ഒരു
ചിരിപ്പൂ വിടർത്താൻ
കരുത്തു തന്നവൾ...

കറുത്ത യാത്രകൾ
കാലുതെറ്റിക്കേ... ഒരു
പൂനിലാവെട്ടമായ
കാൽ നടത്തിയോൾ

സഹനകാലത്തി
ന്നിടവപ്പാതിയിൽ
മഴ നനയാതെൻ
താങ്ങായ് നിന്നവൾ..



- അനീറ്റ എബി
ബി.കോം സി എ



# എല്ലാ കൊയ്ത്തിലും നൂറുമേനി വിളഞ്ഞെന്ന് വരില്ല

ബെന്യാമിൻ

ഈ തലക്കെട്ടിൽ പറയുന്നതല്ല നാം വിശ്വസിക്കുന്നതും ആഗ്രഹിക്കുന്നതും, എവിടെയും നൂറു മേനിയിൽ കുറഞ്ഞ ഒന്നും നാം ആഗ്രഹിക്കുന്നതേയില്ല. പരീക്ഷയിൽ, ജീവിതത്തിൽ, തൊഴിലിൽ, പ്രണയത്തിൽ ഒക്കെ. അല്ലാത്തതെല്ലാം പാഴെന്നും തോൽവി എന്നും കരുതി നാം അസ്വസ്ഥരാവുന്നു. അതിനു വേണ്ടിയാണ് നമ്മുടെ എല്ലാ അധ്വാനങ്ങളും. എന്തൊക്കെയോ നേടാൻ വേണ്ടി മാത്രമുള്ള ഓട്ടങ്ങൾ.

എന്നാൽ നൂറുമേനി എന്നത് ഒരു പ്രലോഭനവും ആഗ്രഹവും മാത്രമാണ്. നമ്മെ മുന്നോട്ട് ചലിപ്പിക്കാനുള്ള ഒരു ഉത്തേജന ഔഷധം. അതിനുമപ്പുറം ജീവിതത്തിൽ അതിന് പ്രാധാന്യം കൊടുക്കേണ്ടതില്ല. നൂറുമേനി വിളഞ്ഞവരുടേത് മാത്രമല്ല ജീവിതമെന്നും ഒന്നും വിളയിക്കാൻ കഴിയാതെ പാതയോരത്ത് തളർന്നു വീണവരുടേതു കൂടിയാണ് ഈ ലോകം എന്നും നാം അറിയേണ്ടതുണ്ട്. ആ വീഴ്ചയിൽ നിന്നാണ് അവർ പിന്നെയും ഉണർന്നെഴുന്നേറ്റ് മുന്നോട്ട് നടന്നിട്ടുള്ളത്. ആ നടത്തത്തിയിൽ വച്ചാണ് അവർ ജീവിതത്തിന്റെ യഥാർത്ഥ സൗരഭ്യം നുകർന്നിട്ടുള്ളത്. സാഹോദര്യത്തിന്റെ നന്മ അനുഭവിച്ചിട്ടുള്ളത്. ജീവിതത്തിനു ശാന്തമായ മറ്റൊരു മുഖം ഉണ്ടെന്ന് മനസിലാക്കിയിട്ടുള്ളത്.

മറ്റേത് ആധി പിടിച്ച ഓട്ടം ആയിരുന്നു. നൂറിൽ നൂറും മേടിക്കാനുള്ള ഓട്ടം. എപ്പോഴും ഒന്നാമത് എത്താൻ വേണ്ടിയുള്ള പരക്കം പാച്ചിൽ തന്റെ മുന്നിൽ ആരും ഉണ്ടാവരുത് എന്ന നിർബന്ധബുദ്ധി. അത് നമ്മുടെ ഉള്ളിൽ സർവ്വ നിഷേധമായി നിറയുന്നു എന്നതാണ് അതിന്റെ പരിണതഫലം. അങ്ങനെ ജീവിതത്തിലെ എന്നല്ല നമുക്ക് ആസ്വദിക്കാൻ വേണ്ടി മാത്രമുള്ള ഒരു കളിയിലെ പോലും ഒരു തോൽവിയെ അഭിമുഖീകരിക്കാനാവാതെ നാം പിന്നെ ഭീരുക്കളായി മാറുന്നു. അതുകൊണ്ടാണ് നമ്മൾ കളിച്ചുകൊണ്ടിരിക്കുന്ന കമ്പ്യൂട്ടർ ഗെയിമിൽ നാം പരാജയപ്പെടും എന്ന് തോന്നുമ്പോൾ ക്വിറ്റടിച്ച് റീസ്റ്റാർട്ട് ചെയ്യുന്നത്. ഇന്ത്യയ്ക്കെതിരായ ഒരു ക്രിക്കറ്റ് മത്സരത്തിൽ എതിരാളി ജയിക്കും എന്ന് തോന്നുന്ന ഘട്ടത്തിൽ ടീവി ഓഫ് ചെയ്ത് ക്രിക്കറ്റുകളിക്കാരെയും ചീത്ത പറഞ്ഞ് എഴുന്നേറ്റ് പോകുന്നത്. നായകന് തോൽവി സംഭവിക്കുന്ന ഒരു സിനിമയും നമുക്ക് കാണാനാവാതെ പോകുന്നത്. കാരണം തോൽവി എന്നത് പൊറുക്കാനാവാത്ത അപരാധമാണെന്ന് മാതാപിതാക്കളും അധ്യാപകരും സമൂഹവും ചേ ർന്ന് നമ്മളെ പഠിപ്പിച്ചു വച്ചിരിക്കുന്നത്. അതുകൊണ്ടാണ് ഒരു കുഞ്ഞു പരീക്ഷയിൽ ഒരു ശതമാനം മാർക്ക് കുറഞ്ഞു പോയതിന്റെ പേരിൽ ആത്മഹത്യ ചെയ്യുന്ന കുട്ടികളുടെ നാടായി കേരളം മാറിയിരിക്കുന്നത്.

നമ്മെ ആസ്വദിപ്പിക്കാൻ വേണ്ടിയുള്ള, വിനോദിപ്പിക്കാൻ വേണ്ടിയുള്ള ഒരു കളിയിൽ പോലും തോൽവിക്ക് നേരെ നിൽക്കാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ പിന്നെ എങ്ങനെയാണ് ഇനിയുള്ള ജീവിതത്തിൽ അവർ നേരിടാൻ പോകുന്ന അനേകം തോൽവികളെ നാം അഭിമുഖീകരിക്കുക. അതാണ് ഇന്നത്തെ തലമുറ നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന്. നിങ്ങൾ നല്ല പരിജ്ഞാനമുള്ളവരാണ്, കഠിനാധ്വാനികളാണ്, സർഗ്ഗശേഷിയുള്ളവരാണ്. പക്ഷേ 'റിജക്ഷനുകളെ' തള്ളിപ്പറച്ചിലുകളെ തോൽവികളെ നേരിടാൻ അറിയാത്തവരാണ്. അതുകൊണ്ടാണ് പ്രണയം നിഷേധിക്കുമ്പോൾ അവളുടെ മുഖത്ത് ആസിഡ് ഒഴിച്ച് കത്തിക്കാൻ തോന്നുന്നത്, പ്രണയം മടുക്കുമ്പോൾ കാമുകൻ വിഷം നൽകുന്നത്, ചോദിച്ചത് നൽകാത്ത മാതാപിതാക്കൾക്ക് നേരെ കത്തിയുയർത്താൻ മടിയില്ലാത്തത്. വഴക്കു പറയുന്ന അധ്യാപകനെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുന്നത്. അതിന്റെ തെറ്റ് അവരുടെ മേലല്ല ചുമത്തേണ്ടത്. ജീവിതത്തിന്റെ വഴി പറഞ്ഞു കൊടുക്കാൻ മറന്നുപോയ സമൂഹത്തിന്റെ മേലാണ് ആ

കുറ്റമുള്ളത്. ജീവിതം വിജയങ്ങളുടേത് മാത്രമല്ല എന്നും, അത് നൂറുമേനിയുടേത് മാത്രമല്ല എന്നും ഇനിയെങ്കിലും നാം മനസിലാക്കേണ്ടതുണ്ട്. ജീവിതത്തെ ചെറിയെ ചെറിയ തോൽവികളിലേക്ക് തള്ളിവിട്ട്, അത് കളിയിലൂടെയാം, തോറ്റുപോയവരുടെ കഥ പറയുന്ന സാഹിത്യത്തിലൂടെയാവാം, തന്നേ കടന്നുവന്ന അനേകം പരാജയ കഥകൾ പരസ്പരം പറഞ്ഞു കൊടുക്കുന്നതിലൂടെയാവാം. തോൽക്കാൻ നാം സ്വയം പ്രാപ്തരാകേണ്ടതുണ്ട്. ജീവിതമെന്നത് സമ്പൂർണ്ണമായും വിജയമല്ല എന്നും അതിന് മിക്കപ്പോഴും തോൽവികളെ കൂടി അഭിമുഖീകരിക്കേണ്ടതുണ്ടെന്നും മനസിലാക്കുക. മറ്റുള്ളവരുടെ ചെറിയ തോൽവികളിൽ പോലും ചേർന്ന് നിന്ന് അതൊന്നും സാരമില്ല എന്ന് സമാശ്വസിപ്പിക്കേണ്ടതുണ്ട്. അപ്പോഴാണ് അവർക്ക് കൂടുതൽ ആർജ്ജവത്തോടെ സ്വന്തം ജീവിതത്തിന്റെ അർത്ഥം കണ്ടെത്താനും അതിലൂടെ മുന്നോട്ട് നടക്കാനും കഴിയൂ.



ഒരു കഥ ഓർമ്മ വരികയാണ്. ലോകപ്രശസ്തനായ സംഗീതജ്ഞൻ ബീഥോവൻ ഒരു പ്രഭാതത്തിൽ ഉണർന്നെഴുന്നേറ്റ് നോക്കുമ്പോൾ തന്റെ ക്ലോക്കിലെ പെന്റുലം ചലിക്കുന്നു, പക്ഷേ അത് സ്ഥിരമായി കേൾപ്പിക്കുന്ന ടിക് ടിക് ശബ്ദം നിലച്ചുപോയിരിക്കുന്നു. തന്റെ ക്ലോക്കിനിതെന്തുപറ്റി എന്നാലോചിച്ചുകൊണ്ട് അദ്ദേഹം തന്റെ പതിവു പ്രഭാതസവാരിക്കിറങ്ങി. വഴിയിലൂടെ നടക്കുമ്പോൾ വഴിയരികിലെ കടയിൽ ഒരാൾ വലിയ കൂടം കൊണ്ട് ഇരുമ്പ് കമ്പിയിൽ അടിക്കുന്നു. അദ്ഭുതകരം! അടിക്കുന്നതേയുള്ളൂ ആ കൂടവും കമ്പിയും ഒരു ശബ്ദവും പുറപ്പെടുവിക്കുന്നില്ല. കൂടുതൽ അദ്ഭുതത്തോടെ ബീഥോവൻ പിന്നെയും മുന്നോട്ട് നടക്കുമ്പോൾ താൻ സ്ഥിരമായി സന്ദർശിക്കുന്ന പള്ളിയിലെ വലിയ മണി ആടിക്കളിക്കുന്നു, പക്ഷേ അതിൽ നിന്ന് മണിമുഴക്കം ഒട്ടും പുറത്തുവരുന്നതേയില്ല. ഈ ലോകത്തിനിതെന്തു പറ്റി എന്ന് ആലോചിച്ചു നിൽക്കുമ്പോഴാണ് ആ സത്യം അദ്ദേഹത്തിനു തെളിഞ്ഞു കിട്ടുന്നത്, പറ്റിയത് ലോകത്തിനല്ല തനിക്കാണ്. തന്റെ ശ്രവണശക്തി എന്നന്നേക്കുമായി നഷ്ടപ്പെട്ടിരിക്കുന്നു. ഒരു സംഗീതജ്ഞന് അവശ്യം വേണ്ട കേൾവി നഷ്ടപ്പെട്ടാൽ ജീവിതമേ നശിച്ചു പോയി എന്ന് വിചാരിക്കുന്നതിനു പകരം അദ്ദേഹം ഒന്ന് പുഞ്ചിരിക്കുകയും തന്റെ മുന്നിലുള്ള ദേവാലയത്തിലേക്ക് ഓടിക്കയറി 'ദൈവമേ കഴിഞ്ഞ നാല്പത്തിയെട്ട് വർഷക്കാലം ഈ ഭൂമിയിലെ മധുര ശബ്ദങ്ങൾ കേൾക്കാൻ അവസരം തന്നതിനായി ഞാൻ നിന്നെ സ്തുതിക്കുന്നു' എന്ന് പ്രാർത്ഥിക്കുകയും ചെയ്തു. പരാജയം, നഷ്ടം, കുറവ് എന്നൊക്കെ സമൂഹത്തിനു തോന്നുന്ന ചിലത് അങ്ങനെയല്ല എന്ന് സ്വയം വിശ്വസിക്കുകയും ഉയർന്ന ആത്മവിശ്വാസത്തോടെ മുന്നോട്ട് പോവുകയും ചെയ്യുമ്പോഴാണ് ജീവിതത്തിന്റെ യഥാർത്ഥ ഉയരങ്ങൾ, വിജയങ്ങൾ താണ്ടാൻ നമ്മെ സഹായിക്കുക. ആ ബധിരത ബാധിച്ചശേഷമാണ് തന്റെ ജീവിതത്തിന്റെ ഏറ്റവും മികച്ച സംഗീതങ്ങൾക്ക് ബീഥോവൻ ജന്മം നൽകിയത് എന്നറിയുമ്പോഴാണ് ഒരു നഷ്ടത്തെ എത്ര പോസിറ്റീവായാണ് അദ്ദേഹം ഉൾക്കൊണ്ടത് എന്ന് നാം തിരിച്ചറിയുക. സമൂഹം കല്പിക്കുന്ന നൂറുമേനികൾ അല്ല നമ്മുടെ നൂറുമേനി. പണക്കാരൻ ആവാത്തതിൽ, പ്രശസ്തനാവാത്തതിൽ, സമൂഹത്തിൽ ഉന്നതൻ ആവാത്തതിൽ ചിലർ നമ്മെ പഴിക്കുന്നുവെങ്കിൽ, പരിഹസിക്കുന്നുവെങ്കിൽ നാം മറ്റൊരു വിധത്തിൽ ആത്മസാക്ഷാത്കാരത്തിന്റെ നൂറുമേനിയുടെ സന്തോഷം അനുഭവിക്കുന്നുണ്ട് എന്ന് അവർക്ക് മനസിലായിക്കൊള്ളണമെന്നില്ല. പക്ഷേ അതിലേക്ക് നടക്കണമെങ്കിൽ ജീവിതത്തെ ഭൗതികതയുടെ കെട്ടുകൾ അഴിച്ചു കളഞ്ഞ് കാണാൻ കഴിയണം. തോൽവികൾക്കു മുന്നിൽ പുഞ്ചരിക്കാനും വിജയങ്ങൾക്കു മുന്നിൽ തലകുനിക്കാനും പഠിക്കണം. എല്ലാം നേടാനുള്ളതല്ലെന്നും, ചിലത് നഷ്ടപ്പെടാൻ കൂടിയുള്ളതാണ് ഈ ജീവിതം എന്ന് മനസിലാക്കണം. നഷ്ടപ്പെടലുകളിൽ നിറഞ്ഞു നിൽക്കുന്ന നനുത്ത നൊമ്പരം മധുരമായി അനുഭവിക്കാൻ കഴിയണം. അങ്ങനെ ഒരു മനസിനെ, നിർമ്മമമായ മനസിനെ ആർജ്ജിക്കുമ്പോഴാണ് നാം യഥാർത്ഥത്തിൽ നൂറുമേനിക്കാരായി മാറുക.


# WOMEN, NOT TOOLS

2023 ജൂലൈ മാസത്തിലെ ഒരു പ്രഭാതം ഇന്ത്യൻ ജനതയെ വരവേറ്റത് നട്ടെല്ല് മരവിപ്പിക്കുന്ന ഒരു കാഴ്ചയും കാത്ത് വെച്ചുകൊണ്ടാണ്. ഫയിനോം എന്ന കുക്കി ഗ്രാമത്തിൽ തീയിട്ട ശേഷം അവിടെ നിന്ന് പിടിച്ച രണ്ട് യുവതികളെ നാഗ്നരാക്കി ആൾക്കൂട്ടത്തിന് നടുവിലൂടെ നടത്തിപ്പിക്കുന്ന, കൂട്ടം ചേർന്ന് ശരീരഭാഗങ്ങളിൽ പിടിക്കുന്ന, മർദ്ദി ക്കുന്ന, പിന്നെയൊരു വയലിലേക്ക് വലിച്ചിഴക്കുന്ന അതിക്രൂരമായ വീഡിയോ സോഷ്യൽ മീഡിയകളിലൂടെ പ്രചരിച്ചുകൊണ്ടിരിക്കുന്നത്  ഞെട്ടലോട് കൂടിയല്ലാതെ എങ്ങനെ കാണാൻ കഴിയും? ഇതെല്ലാം രസത്തോടെ വീഡിയോ എടുത്തു കൊണ്ടിരിക്കുന്ന വലിയൊരു കൂട്ടം ജനങ്ങൾക്ക് നടുവിൽ നിന്നാണ് ആ രണ്ട് സ്ത്രീകളെ ബലാത്സംഗം ചെയ്ത് അക്രമികൾ മടങ്ങിയെന്നതിൽ പരം വേദന നൽകുന്ന വസ്തുത മറ്റെന്താണ്?

രാജ്യം ഗതികേടിന്റെ പരമോന്നതയിൽ എത്തി നിൽക്കുമ്പോഴും മറ്റു രാജ്യങ്ങൾ വരെ അപലപിച്ചു കൊണ്ട് സന്ദേശങ്ങൾ അയക്കുമ്പോഴും മഹാരാജാവിന്റെ കണ്ണടച്ചുള്ള ഇരുപ്പും മാധ്യമങ്ങളുടെ മൗനവും ഉള്ളിൽ പടർത്തിയ ഭീതി ചെറുതൊന്നും ആയിരുന്നില്ല. ഇന്ന് ആരെങ്കിൽ നാളെ നമ്മളിൽ മറ്റാരെങ്കിലും എന്നൊരു ധ്വനി എവിടൊക്കെയോ ഉള്ളിൽ അലയടിച്ചു കൊണ്ടിരുന്നു. ചോദിക്കാനും പറയാനും ആരുമില്ലാത്തൊരു ആട്ടിൻകുട്ടിയെ പോലെ ഞാൻ എന്നെ തന്നെ സങ്കല്പിച്ചു. ചുറ്റും ഇപ്പോൾ വേണമെങ്കിലും ചാടി വീണേക്കാവുന്ന ചെന്നായകൂട്ടം ഞാൻ മനസ്സിൽ കണ്ടു.

മണിപ്പൂരിൽ അഴിച്ചുവിട്ട ആൾക്കൂട്ട അക്രമണങ്ങൾക്ക് പിന്നിൽ എന്തുമായികൊള്ളട്ടെ, കുക്കികൾ ആരുമായിക്കോട്ടെ, മരിച്ച നൂറിൽ കവിഞ്ഞ മനുഷ്യരും പൊളിഞ്ഞു വീണ ക്രിസ്ത്യൻ ആരാധനാലയങ്ങളും നഗ്നരാക്കി നിർത്തപ്പെട്ട സ്ത്രീകളും തകർന്ന് തരിപ്പണമായ രാജ്യത്തിന്റെ അവസാനമല്ലാത്ത ഛായചിത്രം തന്നെയല്ലേ വരച്ചു ചേർക്കുന്നത്?

- ഷബ്ന ഷെറിൻ
ബി.എസ്.സി സൈക്കോളജി


EXPRESS OUR SOLIDARITY TO MANIPUR
SAVE MANIPUR INTEGRITY
PEACE IS MY RELIGION
WE WANT PEACE IN
MANIPUR VIOLENCE
KEEP CALM
IM A TRIBA
FUTURE
WE WANT PEACE
AIPW
STOP VIOLENCE SAVE MANIPUR
Cry My beloved Country, Cry!

# MIRRORING THE SELF

*The heart was a barrenfield which ,*
*Frozen with doubts*
*The mind was helpless and*
*Wandering the Valley*
*Questioning my shadow I whispered*
*Apologizing my identity I murmured*
*Bring me the heaven or hell*
*Maybe I'll get a seat there*
*Fruitful events were going on*
*My talents were unfiltered*
*Maybe my love was a dirt*
*That smells awesome when it rains*
*But that rain was the tears or maybe the*
*Drops of a bleeding heart*
*My wings were stagnant like polluted water watching the time flying like an eagle above*
*My darkened cloud of dreams*
*My rainbow was black as hell*
*Is this happening again , I'm confused*
*Maybe I'm in the forbidden forest*
*I got lost again*
*Yes, here's the cheers to being looser*

*- Krishna Priya P.B*
*B A English*



# College Blink

*Oh, the mornings start with a snoozed alarm,*
*Dreams of lectures, but sleep has its charm.*
*Rushing to class with half-brushed hair, Only to*
*find the professor's glare.*

*Assignments due? Oh, forgot that too! Copy-paste*
*saviours, pulling us through.*

*Group projects, the greatest test,*

*Where one works, and the others just rest*
*Exam season, a nightmare's feast,*

*Studying one night, hoping for the best*

*Farewell comes, memories so sweet,*

*Of the laughter, the chaos, and every heartbeat.*

*College life, a rollercoaster wild,*

*A journey cherished, crazy and styled!*

*- Karthik Shine*
*B.Com CA*

# मेरे सपने का भारत

हम सब सपने देखते है। सब कहते है कि हमेशा सपना देखना अच्छी बात नही है। हमारे पूर्व राष्ट्रपति श्री ए.पी.जे. अब्दुल कलाम जी कहते थे, “सपना वह नहीं है जो आप सोते समय देखते है, सपना वह है जो आपको सोने नहीं देता।” उन्होने ठीक ही कहा, रात को देखने वाले सपने पानी के बुलबुले जैसे होते है। रात को सोने के वक्त हम देखते है और सुबह वह जल्दी ही टूट जाते है। सपने के दौरान हमने क्या देखा, किससे देखा यह कुछ भी हमें याद नही रहता।

‘मेरा भारत महान’- यह वाक्य हम हमारे बचपन से ही सुनते आये है। स्कूल की पढाई के समय, देशभक्त फिल्मों में और हमेशा ही स्वतंन्त्रता दिवस में हम यह वाक्य सुने है। वास्तव में हमारा भारत महान है? क्या सच में हम बाकी सारे देशो से आगे है? इन प्रश्नो का जवाब देना कठिन कार्य है। २०२४ वर्ष में जब हम पहूँचते है, यानी की स्वतंत्रता प्राप्त हुये ७७ साल बीत जाने के बाद भी इन प्रश्नों का जवाब देना आसान बात नहीं है।

आज हमारे भारत का हालत क्या है? भारत देश के अलग जगहों में प्रकृतिक दुर्घटनाएँ, बहनो का बलात्कार, नेताओं द्वारा भ्रष्टाचार, किसानों का आत्महत्या, पडोस देशों से युद्ध, बेरोज़गारी, आदी ऐसे कई प्रतिकूल धटनाओं के बीच में है। यह सब किसके कारण हो रहा है? या, कौन है इसके पीछे? “हम सब”। हम सभी के कारण यह सब हो रहा है। हममें से एक बदले का फैसला लिया तो बदलामं का राशनी हमे दिखाई देगी। किसी प्रशस्त व्यक्ति ने कहा है, “अगर हम बदले तो, हमारा इलाका बदलेगा। अगर हमारा इलाका बदलेगा तो हमारा देश बदलेगा। अगर हमारा देश बदलेगा तो यह दुनीया ही बदल जाएगी।”

मैं भी सपना देखता हूँ। मैं चाहता हूँ कि, मेरा भारत बाकी सारे देशों से आगे रहे। चाहे वो संस्कार से हो, इतिहास से हो, विज्ञान से हो या खेल-खूद में हो सभी तरह से मैं चाहता हूँ कि मेरा भारत महान रहे। सभी देशो से हम तभी महान हो सकते है, जब हम हमारे देश के आंतरिक प्रश्नों का हल निकाली।

मेरे सपनो के भारत में मै चाहता हूँ कि सब लोग प्यार और भईचारा से रहे। आपस में ना झगडे और एक दुसरे के दूख में मदद करें दिन हो या रात, बहने खुशी से बिना भयभीत होकर बाहर धूम सकें- ऐसा भारत मैं चाहता हूँ। नेताऐ अपने काम इमानदारी से करे और देश से भ्रष्टाचार नामोनिशन दूर करें किसानो को उनकी फसल की कीमत मिले, पडोस देश प्यार और भाईचारा से रहे, हमारे युव पीढी को रोज़गारी मिले ऐसा एक महान भारत को मैं हमेशा अपने सपनों में देखता हूँ। मुझे पूरा यकिन है कि मेरा देश सक दिन जरूर महान बनेगा।

- आल्विन सजी
बी. एस सी मनोविज्ञान

INTERVIEW

# ഉൾക്കണ്ണിന്റെ വെളിച്ചത്തിൽ..

Muhammed Ibrahim Bathusha PN



Interviewed by : Albin Saji, Shabna Sherin, Anaina Juliet Rojas

**വർണ്ണങ്ങളുടെ ലോകത്ത് ഇരുട്ട് മാത്രമെ കണ്ടിട്ടുള്ളൂവെങ്കിലും ഉള്ളിലെ വെളിച്ചം നൽകിയ ഉൾക്കാഴ്ച്ചയിലൂടെ അവൻ കയറിയ പടവുകൾ ചെറുതല്ല. സമൂഹവും അവർക്കൊപ്പം നടക്കാൻ തുടങ്ങുമ്പോഴെ തുല്യനീതി എന്ന സ്വപ്നം യാഥാർത്ഥ്യമാകൂ... അതിനായി അവനും ചിലത് പറയാനുണ്ട്...**

**1. എന്താണ് ഇക്കക്ക് ജീവിതത്തിൽ കിട്ടുന്ന പ്രചോദനം?**

ഓരോ മനുഷ്യരും അവരുടെ ദൈനംദിന ജീവിതത്തിൽ ഓരോ സാഹചര്യങ്ങളെയും അതിജീവിച്ചു കൊണ്ടാണ് മുന്നോട്ട് പോവുന്നത്. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഒരു വെല്ലുവിളിയായി ഇതിനെ കാണുന്നില്ല. കാരണം നമ്മളേക്കാളും ഒരുപാട് ബുദ്ധിമുട്ടുകൾ അനുഭവിച്ച് ജീവിതത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്ന ഒരുപാട് പേരുണ്ട്. കഴിഞ്ഞ രണ്ട് വർഷം മുമ്പ് ഒരു കുട്ടി, ഒട്ടനവധി വെല്ലുവിളികൾ അതിജീവിക്കുമ്പോഴും നടക്കാനോ സംസാരിക്കാനോ കഴിയാത്തൊരു അവസ്ഥയിലും അവൻ ആഗ്രഹിക്കുന്നത് സിവിൽ സർവീസ് ആണ്. അത്തരം കുട്ടികൾ തന്നെയാണ് തീർച്ചയായും നമുക്ക് പ്രചോദനം ആവുന്നത്.

**2. നമ്മുടെ കോളേജിലേക്ക് വന്നതിനെ പറ്റി ആശങ്കകളും വന്നതിന് ശേഷമുള്ള അനുഭവങ്ങളും പങ്കുവെക്കാമോ?**

ഞാൻ ഒന്നാം ക്ലാസ്സുമുതൽ അഞ്ചാം ക്ലാസ്സുവരെ സ്പെഷ്യൽ സ്കൂളിലാണ് പഠിച്ചത്. സെപ്ഷ്യൽ സ്കൂളിൽ പഠിക്കുമ്പോൾ തന്നെ സ്വാഭാവികമായും ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. വീട് വിട്ടുനിൽക്കുന്ന സിറ്റുവേഷൻ നമുക്കും അവർക്കും ഒരുപോലെ പ്രയാസമായിരുന്നു. സ്പെഷ്യൽ സ്കൂളുകളോട് എനിക്ക് യോജിക്കാനാവില്ല. സാധാരണ കുട്ടികളോട് കൂടെ തന്നെ ഭിന്നശേഷിയുള്ള കുട്ടികളും പഠിക്കണം എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.

പിന്നീട് ഞാൻ മൂവാറ്റുപുഴ ഗവണ്മെന്റ് ഈസ്റ്റ് ഹൈസ്കൂളിലായിരുന്നു. തർബിയ്യത്ത് പ്ലസ് ടു ഹയർ സെക്കന്ററി സ്കൂളിൽ നിന്ന് പ്ലസ് വണ്ണും പ്ലസ്ടുവും പൂർത്തിയാക്കി. മൂവാറ്റുപുഴയിൽ തന്നെയുള്ള ഇലാഹിയ ആർട്സ് ആൻഡ് സയൻസ് കോളേജിൽ നിന്ന് BA ഇക്കണോമിക്സിൽ ബിരുദമെടുത്തു. അതിനു ശേഷം ശ്രീനാരായണ കോളേജ് ഓഫ് BEd എഡ്യൂക്കേഷനിൽ നിന്ന് BEd ഉം MEd ഉം പൂർത്തിയാക്കി. അതിനു ശേഷമാണ് കൗൺസിലിങ്, സൈക്കോളജി രംഗത്തേക്ക് വരാൻവേണ്ടി പ്ലാൻ ചെയ്യുന്നത്. അങ്ങനെ MSW പഠിക്കാനായി തീരുമാനിച്ചു. രാജഗിരി കോളേജിൽ എൻട്രൻസ് എഴുതി കിട്ടി, പോക്കുവരവ് ബുദ്ധിമുട്ടായി തീർന്ന സാഹചര്യത്തിൽ അവിടുത്തെ അധ്യാപകരാണ് നല്ല കോളേജുകളുടെ ലിസ്റ്റിൽ ഒന്നാമതായി മൗണ്ട് കാർമൽ കോളേജിന്റെ പേര് പറയുന്നത്. അങ്ങനെയാണ് ഞാൻ മൗണ്ട് കാർമൽ കോളേജിലേക്ക് വരുന്നത്.

പല വേദികളിലും പറയാറുള്ളത് പോലെ എന്റെ ഒരു ക്യാരക്റ്ററാണ് ഉള്ളിലുള്ളത് എന്താണോ അത് അത് പോലെ തന്നെ പറയും. ഞാ

നൊന്നും മറച്ചു വെക്കാറില്ല. ഉള്ളിലുള്ള കാര്യത്തെ മറച്ചു വെച്ച് പുറത്ത് മറ്റൊന്ന് കാണിക്കുന്ന രീതി എനിക്കില്ല. അതു കൊണ്ട് എനിക്കൊരുപാട് ദോഷങ്ങളും അതുപോലെത്തന്നെ ഗുണങ്ങളും ഉണ്ടായിട്ടുണ്ട്. എന്നെ സംബന്ധിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏറ്റവും കൂടുതൽ സ്നേഹവും ചേർത്ത് പിടിക്കലിന്റെ സന്തോഷവും അനുഭവിച്ചത് മൗണ്ട് കാർ മലിൽ വന്നപ്പോഴാണ്.

**3. ടീച്ചിങ് സ്റ്റാഫിന്റെയും വിദ്യാർത്ഥികളുടെയും സമീപനം എങ്ങനെ യായിരുന്നു?**

വാക്കുകൾ കൊണ്ട് വർണിക്കാൻ പറ്റാത്ത അത്രയുമാണ് അവരോരോരുത്തരും എനിക്ക് ചെയ്ത് തന്നിട്ടുള്ളത്. പ്രത്യേകിച്ച് എന്റെ കൂടെ നടക്കുന്ന വിദ്യാർത്ഥികളും ഞങ്ങളുടെ ഡിപ്പാർട്മെന്റിലെ അധ്യാപകരും. അതിനേക്കാളുപരി മറ്റു വിദ്യാർത്ഥികൾ യാതൊരു വേർതിരിവും ഇതുവരെ കാണിച്ചിട്ടില്ല എന്നുള്ളതാണ്. എന്റെ കൂടെയുള്ള ഓരോ കുട്ടികളും എനിക്ക് വേണ്ടി എന്തും ചെയ്യാൻ തയ്യാറാണ്. മത്സരിച്ചാണ് എനിക്ക് വേണ്ടി ഓരോന്ന് ചെയ്ത് തരാറുള്ളത്. സത്യത്തിൽ സന്തോഷം തോന്നാറുണ്ട്. ഓരോ അധ്യാപകരും നൽകുന്ന സ്നേഹവും ചേർത്ത് നിർത്തലും എനിക്ക് എവിടെ നിന്നും കിട്ടിയിട്ടില്ല. കുറച്ചെങ്കിലും കിട്ടിയിട്ടുള്ളത് തർബിയ്യത് സ്കൂളിൽ നിന്നാണ്. അതിന് ശേഷം ഞാനിത്രയും സന്തോഷം അനുഭവിക്കുന്നത് ഇവിടെ വന്നിട്ടാണ്. വല്ലാത്തൊരനുഭൂ തിയാണത്.

**4. ഇക്കയുടെ പഠനരീതിയൊന്ന് വിശദീകരിക്കാമോ?**

തുടക്കം തൊട്ടേ ബ്രെയിൽ ലിപി ഉപയോഗിച്ച് ചാർട്ട് പേപ്പർ കളക്ക് ചെയ്ത് നോട്ട്ബുക്ക് ഉണ്ടാക്കും. മറ്റൊരാൾ വായിച്ച് തരുന്നത് അതിൽ എഴുതി അങ്ങനെയാണ് പഠിക്കുന്നത്. ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സുവരെ ബ്രെയിൽ ലിപിയി ലുള്ള പുസ്തകങ്ങൾ ലഭിക്കുമായിരുന്നു. അതുപയോഗിച്ച് നിങ്ങൾ മനസ്സിലാക്കുന്നത് പോലെ ഞങ്ങളും മനസ്സിലാക്കും. +2 തൊട്ട് ക്ലാസുകൾ കേട്ട് ഷോർട് നോട്ട്സ് ഉണ്ടാക്കി വായിച്ച് പഠിക്കും. ബ്രെയിൽ ലിപിയിൽ തന്നെയാണ് നോട്ട്സ് ഉണ്ടാക്കുന്നത്. +2 വരെ ഒരു റിസോഴ്സ് അധ്യാപികയുടെ സേവനം ലഭിക്കാറുണ്ടായിരുന്നു. ഗവണ്മെന്റ് നിയമിക്കുന്ന ഇത്തരം അധ്യാപകരുടെ സഹായം കൊണ്ട് നോട്ടുകൾ തയാറാക്കാൻ എളുപ്പമായിരുന്നു.+2 കഴിഞ്ഞ് പഠനം ബുദ്ധിമുട്ടുള്ളതായിരുന്നു. നോട്ട്സ് എഴുതിയെടുക്കുക എന്ന പഠനരീതിയല്ലല്ലോ കോളേജുകളിൽ ഉള്ളത്. കൂടാതെ പുസ്തകങ്ങളുടെ ലഭ്യത കുറവുമുണ്ട്. അത്തരം ചെറിയ ചെറിയ വെല്ലുവിളികളെ മറ്റൊരു രീതിയിൽ അഡ്ജസ്റ്റ് ചെയ്യാൻ പറ്റുന്നുണ്ട്.

**5. ഇക്കയുടെ ഫാമിലിയിൽ ആരൊക്കെയുണ്ട്? അവരൊക്കെ എന്ത് ചെയ്യുന്നു? അവർക്ക് ഇക്കയെ എങ്ങനെയാണ് സപ്പോർട്ട് ചെയ്യാൻ പറ്റുന്നത്?**

എന്റെ വീട് അഞ്ചൽപെട്ടിയിലാണ്. ഞങ്ങൾ രണ്ട് മക്കളാണ്. ഫാദർ കൺസ്ട്രക്ഷൻ ഫീൽഡിലായിരുന്നു. ഇപ്പോൾ വാഷിങ് ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന ചെറിയൊരു കമ്പനി നടത്തുന്നു. മദർ ഹൗസ് വൈഫാണ്. സിസ്റ്ററിന്റെ കല്യാണം കഴി ഞ്ഞതാണ്. ഇപ്പോൾ BA ഇംഗ്ലീഷ് പഠിച്ചു കൊണ്ടിരിക്കുന്നു.

ഫാമിലി എന്നെ എല്ലാ രീതിയിലും സപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെറിയ സപ്പോർട്ടൊന്നുമല്ല. നമുക്ക് വേണ്ടി മാത്രമാണ് അവർ ജീവിച്ചത് എന്ന് തന്നെ പറയാം. നമ്മുടെ നല്ല ജീവിതം സ്വപ്നം കാണുന്ന കുടുംബമാണ് എന്റേത്. മാറ്റിനിർത്തപ്പെടേണ്ട അവസ്ഥ എനിക്കൊരിക്കലും ഉണ്ടായിട്ടില്ല. ഫാമിലിക്ക് ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. പലരും ചിന്തിക്കുന്നത് കാഴ്ച ഇല്ലായ്മ നമ്മൾ സ്വയം നിർമിക്കുന്ന ഒന്നാണ് എന്നാണ്. എല്ലാ മനുഷ്യരും ഓരോ കുറവുകളോട് കൂടിയാണ് ജനിക്കുന്നത് എന്ന് അവർ മനസ്സിലാക്കുന്നില്ല. നമ്മുടെ കുറ്റം കൊണ്ടാണ് എന്നാണ് ചിന്തിക്കുന്നത്. അതിന്റെ പേരിൽ ഞാനും കുടുംബവും പലതരത്തിലും കുടുംബക്കാരിൽ നിന്ന്, പ്രത്യേകിച്ച് മദർ അവരുടെ ഫാമിലിയിൽ നിന്നും ഒറ്റപെടലുകളും മറ്റു ബുദ്ധി മുട്ടുകളും അനുഭവിച്ചിട്ടുണ്ട്. ഇത്തരം കുഞ്ഞു ണ്ടായതിന് കുറ്റപ്പെടുത്തലുകൾ കേട്ടിട്ടുണ്ട്. അവർക്ക് അപമാനം പോലെയായിരുന്നു നമ്മൾ. അതെല്ലാം മാറിതുടങ്ങിയത് നമ്മൾ പഠിച്ച് ഓരോ മേഖലകളിൽ പ്രവേശിക്കുമ്പോഴാണ് നമുക്കിതൊക്കെ ചെയ്യാൻ പറ്റും എന്ന് അവർ ചിന്തിച്ചു തുടങ്ങിയപ്പോൾ ആണ്. ഫാദറിന്റെ ഫാമിലിയുടെ ഭാ ഗത്തു നിന്ന് ഇങ്ങനെയൊന്നും ഉണ്ടായിട്ടില്ല. അവർ ചേർത്ത് പിടിച്ചിട്ടുണ്ട്.

**6. ദൈവം ഒരു വാതിലടച്ചാൽ പത്തുവാതിൽ നമുക്ക് വേണ്ടി തുറന്നു തരും എന്ന് കേട്ടിട്ടില്ലേ? അതുപോലെ ഇക്കയ്ക്ക് എന്തെങ്കിലും സ്പെഷ്യൽ ആയിട്ടുള്ള കഴിവു കൾ ലഭി ച്ചിട്ടുണ്ടോ?**

കാഴ്ചയില്ലായ്മ എന്നല്ല എന്ത് പരിമിതി തന്നാലും ദൈവം മറ്റൊരു വാതിൽ തുറന്നു തരും. ആ കാര്യത്തിൽ ഒരു സംശയവുമില്ല. കാഴ്ച യുള്ള ഒരാൾക്ക് ചെയ്യാൻ പറ്റാത്ത പല കാര്യങ്ങളും ദൈവം എന്നെ കൊണ്ട് ചെയ്യിപ്പിച്ചിട്ടുണ്ട്. ഞാൻ സ്വയം ചെയ്തു എന്ന് പറയുന്നില്ല. കുറെയൊക്കെ എഴുതാനും പല വിഷയങ്ങളെ സംബന്ധിച്ച് പഠിക്കാനും ജനങ്ങളുടെ മുമ്പിൽ നല്ല രീതിയിൽ സംസാരിക്കാനും ദൈവത്തിന്റെ കരുണ കൊണ്ട് പറ്റിയിട്ടുണ്ട്. എനിക്ക് പ്രസംഗ മേഖലയി ലാണ് കൂടുതൽ താല്പര്യം. ദൈവം അതിനുള്ള അവസരങ്ങളൊക്കെ തന്നിട്ടുണ്ട്.

**7. സർക്കാരിന്റെ ഭാഗത്ത് നിന്നും എന്തെങ്കിലും സഹായങ്ങൾ ലഭിക്കാറുണ്ടോ?**

എനിക്ക് രാഷ്ട്രീയമില്ല, ആര് നന്മ ചെയ്താലും നമ്മൾ പ്രോത്സാഹിപ്പിക്കും, തിന്മ ചെയ്താൽവി യോജിക്കുക തന്നെ ചെയ്യും. ഏത് സർക്കാരിന്റെ ഭാഗത്ത് നിന്നായാലും നമുക്ക് 50% സഹായം പോലും ലഭിക്കുന്നില്ല എന്നതാണ് വസ്തുത. പഠനം പൂർത്തിയാക്കാനായി ഏകദേശം ഒരു ലക്ഷത്തോളം ചിലവ് വരുന്നുണ്ട് എനിക്ക്. സർക്കാരിന്റെ ഭാഗത്ത് നിന്ന് ഇരുപതിനായിരം രൂപ പോലും നമുക്ക് കിട്ടുന്നില്ല. ആയിരത്തി അഞ്ഞൂർ പെൻഷൻ ലഭിക്കുന്നത് കൊണ്ട് യാത്ര ചിലവുകളും മറ്റും നടക്കുന്നുണ്ട്. അതുപോലും ചില മാസങ്ങളിൽ വരാറില്ല. അഡ്മിഷൻ വേണ്ടി ഒരു ക്വോട്ടയുണ്ട് എന്ന ല്ലാതെ പ്രത്യേക സഹായങ്ങളൊന്നും ലഭിക്കുന്നില്ല.

**8. MSW പഠനം പൂർത്തിയാക്കിയതിനു ശേഷം ഇക്കയുടെ ഫ്യൂച്ചർ പ്ലാൻ എന്താണ്?**

ഭിന്നശേഷിക്കാരായുള്ള കുട്ടികൾക്ക് നല്ല വിദ്യാ ഭ്യാസം നഷ്ടപെടുന്നുണ്ട്. പലരും സ്പെഷ്യൽ സ്കൂളുകളിൽ നിന്നും അല്ലെങ്കിൽ വീട്ടിലി രുന്നും ആണ് പഠിക്കുന്നത്. അങ്ങനെയുള്ള കുട്ടിക

ൾക്ക് വേണ്ടി ഒരു ഇന്റർനാഷണൽ പ്രൊജക്റ്റ് ആണ് ഞാൻ മനസ്സിൽ കാണുന്നത്. CBSE പോലുള്ള ഹയർ സിലബസ് ഉപയോഗിച്ച് സാധാരണ കുട്ടികളെ പോലെ ഉയർന്ന വിദ്യാഭ്യാസം നേടാൻ അവരെ പ്രാപ്തരാക്കുന്ന ഒരു പഠന സംവിധാനം ആണ് എന്റെ ലക്ഷ്യം. അതിന്റെ ആദ്യ പടിയായി എറണാകുളത്ത് ഒരു പ്രൊജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. 'വിഷൻ 2028' എന്ന് പേരിട്ടിരിക്കുന്ന പ്രൊജക്റ്റ് 2028 ൽ തുടക്കം കുറിക്കാനാവുമെന്ന് കരുതുന്നു. സർക്കാരിന്റെ സഹായം എത്രത്തോളം കിട്ടും എന്നറിയില്ല. നിലവിൽ NGO പോലെയാണ് ആരംഭിക്കുന്നത്.

**10. ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രവർത്തിക്കുന്ന ഏതെങ്കിലും സംഘടനയിൽ അംഗമാണോ?**

യൂണിയൻ സംവിധാനത്തോട് എനിക്ക് താല്പര്യമില്ല. ഇത്തരം യൂണിയനുകൾ കൊണ്ട് ഭിന്നശേഷിക്കാർക്ക് പ്രത്യേകിച്ച് ഗുണമുള്ളതായി തോന്നിയിട്ടില്ല. അത് കാരണം അവരുടെ ഫ്യൂച്ചർ നഷ്ടപ്പെട്ടു പോവുന്നു എന്നല്ലാതെ നേട്ടമുള്ളതായി മനസ്സിലാക്കുന്നില്ല. ഒരുപക്ഷെ കിട്ടിയവരുണ്ടാവാം, എന്നെ സംബന്ധിച്ച് എനിക്കതിൽ യാതൊരു താല്പര്യവുമില്ല. ഒറ്റക്ക് മുന്നോട്ട് പോവാൻ ആണ് താല്പര്യം.

**11. ആദ്യ ഡിഗ്രി ആയി BA ഇക്കണോമിക്സ് തിരഞ്ഞെടുക്കാനുള്ള കാരണം എന്തായിരുന്നു?**

പ്ലാനിങ് ഇല്ലാതെ എടുത്തതായിരുന്നു. ആ സമയത്ത് എനിക്ക് ജീവിതത്തിൽ വലിയ ലക്ഷ്യങ്ങൾ ഒന്നുമില്ലായിരുന്നു. ഒരു ഡിഗ്രിയെടുക്കുക, അത് കഴിഞ്ഞ് പിജി എടുക്കുക, വർക്ക് ചെയ്യുക എന്നതിലുപരി എന്തെങ്കിലും ചെയ്യണം എന്ന തോന്നൽ വന്നത് ഡിഗ്രി അവസാന വർഷത്തിലാണ്. അപ്പോഴൊന്നും MSW എന്നെ പോലുള്ള ആളുകൾക്ക് എങ്ങനെയാണ് പഠിക്കാൻ പറ്റുക എന്നൊന്നും അറിയില്ലായിരുന്നു. പിന്നീടാണ് എല്ലാവർക്കും പ്രയോജനമാവുന്ന സംവിധാനമാണ് കൗൺസിലിങ് എന്ന് മനസ്സിലാക്കുന്നത്. അങ്ങനെയാണ് പൂർണമായും ശ്രദ്ധ അതിലേക്ക് കൊടുക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ഈ വഴിയിലേക്ക് വന്നത്.

**12. സ്പെഷ്യൽ സ്കൂളുകളിൽ സ്വയം കാര്യങ്ങൾ ചെയ്യാൻ പഠിപ്പിക്കുന്നുണ്ടോ?**

ഞാൻ വീട്ടിൽ വെച്ച് തന്നെ സ്വന്തം കാര്യങ്ങൾ ഒറ്റക്ക് ചെയ്യുമായിരുന്നു. എന്റെ പേർസണൽ ആവശ്യങ്ങൾക്ക് വേണ്ടി മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുന്നത് ഇഷ്ടമല്ല. യാത്ര പോലുള്ള കാര്യങ്ങൾക്ക് മാത്രമേ ആശ്രയിക്കാറുള്ളൂ. ബ്രെയിൽ ലിപി പഠിക്കാനൊക്ക ചെറുതായി സഹായിച്ചിട്ടുണ്ട് എന്നതൊഴിച്ചാൽ സ്പെഷ്യൽ സ്കൂൾ കൊണ്ട് എനിക്ക് പ്രത്യേകിച്ച് നേട്ടമൊന്നും ഉണ്ടായിട്ടില്ല.

**13. വായനയെ ഒരുപാട് ഇഷ്ടപെടുന്ന ആളാണോ? ഏതൊക്കെ ഭാഷകളിലുള്ള പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്?**

ഇഷ്ടമാണ്, മലയാളത്തിൽ ഒരുപാട് കഥകളും നോവലുകളും വായിച്ചിട്ടുണ്ട്. ആർട്ടിക്കിൾസ് വായിക്കാനാണ് കൂടുതൽ താല്പര്യം. ഉറുദു അറിയാം. ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. നല്ല രീതിയിൽ ഉറുദുവും ഇംഗ്ലീഷും കൈകാര്യം ചെയ്യണം എന്നാണ് ആഗ്രഹം. അതിനായി പരിശീലനം ചെയ്യുന്നുണ്ട്.



**14. എന്തെങ്കിലും തരത്തിലുള്ള അംഗീകാരങ്ങൾ ഇക്കയ്ക്ക് ലഭിച്ചിട്ടുണ്ടോ?**

വലിയ പുരസ്കാരം എന്നൊന്നും പറയാൻ പറ്റില്ലെങ്കിലും ചെറിയ രീതിയിലുള്ള അംഗീകാരങ്ങൾ കിട്ടിയിട്ടുണ്ട്. ഓരോ പരിപാടിക്ക് പോവുമ്പോഴും ആ സമയങ്ങളിൽ അതിന്റേതായ അംഗീകാരങ്ങൾ കിട്ടാറുണ്ട്. ആളുകളുടെ അംഗീകാരം പിടിച്ചു പറ്റുക എന്നതിലുപരി ഈ കുറഞ്ഞ സമയത്തെ ജീവിതത്തിൽ നമ്മളെ കൊണ്ട് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ ചെയ്യുക എന്നതാണ് പ്രധാനം എന്ന് വിശ്വസിക്കുന്നു.

**15. ഇങ്ങനെയൊരു ജീവിതം വേണ്ടായിരുന്നു, അല്ലെങ്കിൽ ഇങ്ങനെ ആയത് നന്നായി എന്നോ തോന്നിയിട്ടുണ്ടോ?**

രണ്ടും തോന്നിയിട്ടുണ്ട്. ഞാൻ പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ മദറിന്റെ ഫാമിലിയിൽ ഒരു കല്യാണം വന്നു. ആ സമയത്ത് ഇത്തരം ചിന്തകളിലൂടെ കടന്നു പോയിട്ടുണ്ട്. പലപ്പോഴും എന്തിനാണ് നമ്മൾ ജനിച്ചത്, ഈ അവസ്ഥ കൊണ്ട് നമ്മളും ബുദ്ധിമുട്ടുന്നു, നമ്മുടെ വീട്ടുകാരും ബുദ്ധിമുട്ടുന്നു എന്നൊക്കെ ചിന്തിച്ചിട്ടുണ്ട്. കൊറേ കാലത്തിനു ശേഷം നമ്മൾ കടന്നു വന്ന ജീവിതാനുഭവങ്ങൾ മാറി ചിന്തിക്കാൻ പ്രേരിപ്പിക്കുകയുണ്ടായി. കാരണം നമ്മുടെ പ്രായത്തിലുള്ള ഒരുപാട് ആളുകൾ അധപതനത്തിന്റെ പാതയിൽ പോവു മ്പോൾ അതിൽ നിന്നെല്ലാം വിപരീതമായി അവരെ ധാർമികമായ ജീവിതത്തിലേക്ക് കൊണ്ട് വരാനായി കഴിഞ്ഞു. അപ്പോൾ ഞാൻ ചിന്തിച്ചിട്ടുണ്ട് ഇങ്ങനെ ആയത് നന്നായി എന്ന്.

**16. എല്ലാവർക്കും വേണ്ടി ഇക്കയ്ക്ക് കൊടുക്കാ നുള്ള സന്ദേശം എന്താണ്?**

തനിക്ക് ഒരു കുറവുകളുമില്ല എന്ന ചിന്താധാരയിലൂടെ കടന്നു പോവുന്ന മനുഷ്യരോട് എനിക്ക് പറയാനുള്ളത്, എല്ലാവർക്കും എന്തെങ്കിലും കുറവുകൾ ദൈവം നൽകിയിട്ടുണ്ട്, ചില കുറവുകൾ സ്വയം കാണാൻ കഴിയുന്നില്ല എന്നതാണ്, ജീവിതാനുഭവങ്ങളിലൂ ടെ മാത്രമേ അത് മനസ്സിലാവുകയുള്ളൂ. എല്ലാവരെയും ചേർത്ത് നിർത്തുക എന്നതിലാണ് കാര്യം. ശാരീരികമായി ബുദ്ധിമുട്ടുന്ന ആളുകളെ മാത്രമല്ല, ജാതി മത വ്യത്യാസമില്ലാതെ യാതൊരു അതിർ വരമ്പുകലുമില്ലാതെ എല്ലാവരെയും ചേർത്ത് നിർത്തുക. മനുഷ്യത്വം മുറുകെ പിടിക്കുക.

ഇത്രയും നേരം ഞങ്ങളുടെ കൂടെ സമയം ചെലവഴിച്ചതിനും വിശേഷങ്ങൾ പങ്കുവെച്ചതിനും **നന്ദി.**

# खुद की पहचान

बेसुध दिन बस गुजनते गए,
सच में जिए बिना, बहते रहे।
खुद से दूर, कहीं खो गए,
आईने में देख, अजनबी हो गए।

दुसरों की नजरों में ढलने की कोशिश की,
पर दिल को कहीं सुकून न मिला।
एक दिन लगा जैसे वक्त रूक गया,
अंदर झाँकने का मौका मिला।

खोया हुआ खुद को किस से पाया,
अपने सच को अपनाया।
दर्द था, पर समझ आया,
कि प्यार से ही घाव भर पाया।

दुनिया ने भले निराशा किया,
पर मैने नई रहा ले चुन लिया।
अब एक सफर है सामने,
अपने अंदर के सच को जानने।



-श्वेता मधु
बि.सि.ए

# അസ്തമയം



ഒരുകൂട്ടം മനുഷ്യർക്കു നടുവിൽ ഞാൻ തനിയെ നിന്നു. അകത്ത് ആരെക്കെയോ വിതുമ്പി കരയുന്ന ശബ്ദം കേൾക്കാം. ഒരുപാട് തിരക്കിട്ട് എന്തൊക്കെയോ ചെയ്തു തീർക്കാനായി ഓടി നടക്കുന്ന കുറച്ചാളുകൾ. ഒരുമിച്ചു നിന്ന് എന്തെല്ലാമോ അടക്കം പറയുന്ന മറ്റു ചിലർ. ദുഖത്താൽ ഒന്നും തന്നെ സംസാരിക്കാനാവാതെ നിൽക്കുന്നവർ. അങ്ങനെയെങ്ങനെ ചുറ്റും ഒരുപാട് മനുഷ്യർ. എന്നിട്ടും ഞാൻ ഒറ്റയ്ക്കായിരുന്നു. ആരൊക്കെ ഒപ്പമുണ്ടെങ്കിലും അവൾ ഒപ്പമില്ലെങ്കിൽ ഞാൻ ഏകാകിയാണെന്ന സത്യം നേരത്തേ തിരിച്ചറിഞ്ഞതാണ്.

ഏതാണ്ട് 7 മാസങ്ങൾക്കു മുമ്പാണ് ഞങ്ങൾ അവസാനമായി കണ്ടത്. ആ കൂടിക്കാഴ്ചയ്ക്കുവേണ്ടി അവൾ തിരഞ്ഞെടുത്ത സ്ഥലം ആ കടൽത്തീരമായിരു ന്നു. സന്ധ്യസമയത്തു തന്നെ പോവണമെന്നും സൂര്യാസ്തമനം കാണണമെ ന്നും അവൾ വാശി പിടിച്ചു. കടലലകളുടെ ഇരമ്പി മറയുന്ന ശബ്ദത്തിനിടയിലൂടെ ഞങ്ങൾ നടന്നു. എന്റെ കയ്യിൽ മുറുകെ പിടിച്ചുകൊണ്ട് അവൾ പറഞ്ഞു. 'നാളെ കഴിഞ്ഞാടാ നിക്കാഹ്.' നിസ്സഹായതയുടെ വികൃതവും ക്രൂരവുമായ ശബ്ദം ഞാനതിൽ കേട്ടു.

ഈ നിമിഷം നീ പറഞ്ഞാൽ നിന്നെ ഞാൻ വിളിച്ചിറക്കികൊണ്ട് വരു മെന്ന് നിനക്കറി യാവുന്നതല്ലേ? അല്പനേരത്തേക്ക് അവൾ ഒന്നും സംസാരിച്ചില്ല.

എല്ലാവരേയും വേദനിപ്പിച്ചുകൊണ്ട് നമുക്കൊരു ജീവിതം എന്തിനാടാ.. ഇതിൻ അവ സാനം ഇങ്ങനെയൊക്കെയേ ആവു എന്നത് നമുക്കറിയാവുന്നത് അല്ലേർന്നോ.

എന്നാലും ഇഷ്ടമല്ലാത്തൊരു ജീവിതം ജീവിച്ചു തീർക്കാൻ നിന്നെ ഞാൻ പറഞ്ഞു വിടണം എന്നാണോ നീ പറയുന്നെ? എനിക്കതിന് കഴിയുന്ന് നിനക്ക്  തോന്നുന്നുണ്ടോ?

'കഴിയണം' ഒരു ചെറിയ പുഞ്ചിരിയോടെ അവൾ എന്റെ മുഖത്തേക്കു നോക്കി.

'നിന്റെ കാര്യം വീട്ടിൽ അറിഞ്ഞതാ പ്രശ്നായി പോയെ. ഇല്ലങ്കി കുറച്ചുനാളുടി എനിക്ക് ഫ്രീ ആയി നടക്കാമായിരുന്നു.' ചിരിച്ചുകൊണ്ട് അവൾ എന്റെ തോളിൽ തലവച്ചു കിടന്നു. അയാൾ നിന്നെ നന്നായി നോക്കുവായിരിക്കും അല്ലെ.. അവന്റെ ശബ്ദം ഇടറി. കണ്ണുകൾ നിറഞ്ഞൊഴുകി. അവൾ കാണാതെ അവനതു തുടച്ചു. ഓരേയൊരു കരാറേ ഈ പ്രണയത്തിൽ അവർക്കിടയിരുന്നുള്ളു. തമ്മിൽ പിരിയേണ്ട ഒരു അവസ്ഥ വന്നാൽ കരയാൻ പാടില്ല.

എത്ര നന്നായിട്ട് നോക്കിയാലും നിന്നെ പ്പോലെ ആവോ? അവൾ പറഞ്ഞു.

പരസ്പരം അവർ ഒന്നും സംസാരിച്ചില്ല. ഒരുപാട് തിരകൾ ഇളകി മറിഞ്ഞ് അവരുടെ കാലുകളെ തഴുകിയിറങ്ങി പോയി.

'ഇന്നലെ ഞാനൊരു സ്വപ്നം കണ്ടു.' അവൾ ചിരിച്ചുകൊണ്ട് അവന്റെ മുഖത്തേക്കു നോക്കിക്കൊണ്ട് പറഞ്ഞു,

'എന്ത് സ്വപ്നം?'

'നിന്റെ കൂടെ ഞാൻ അമ്പലത്തിൽ വരണെ'. നെഞ്ചിലേക്ക് ഒരു വലിയ പാറക്കല്ല് എടുത്തുവച്ചതുപോലെ അവനു തോന്നി. അവൻ ഒന്നും മിണ്ടാതെ മണൽപരപ്പിനു മുകളിലൂടെ പതഞ്ഞിറങ്ങിപോകുന്ന തിരകളെ നോക്കിയിരുന്നു. 'എത്ര മനോഹരമായ നടക്കാത്ത സ്വപ്നം അല്ലെ.' അവൾ പൊട്ടിച്ചിരിച്ചു. തീരത്ത് ആളുകൾ കുറഞ്ഞുവരുന്നു. ആളുകളുടേയും കടലകച്ചവടക്കാരുടെയും നിഴലുകൾ ഇല്ലാതായി കൊണ്ടിരിക്കുന്നു. സൂര്യൻ

അസ്തമിക്കുവാൻ പോവുകയാണ്.

'നീ അത് കണ്ടോ?'

'എന്താ?' അവൾ ചോദിച്ചു.

ആ സൂര്യൻ അസ്തമിച്ചതിന് ശേഷവും അൽപസമയം കൂടി ഇവിടെയൊരു വെളിച്ചമുണ്ടാവും. അന്തരീക്ഷമാകെ പരന്നു കിടക്കുന്ന മൃദുവായ ഒരു ചുവന്നവെളിച്ചം. സൂര്യനില്ലാതെ ഭൂമിയിലവശേഷിക്കുന്ന അവസാന വെളിച്ചം. ഏതാനും നിമിഷങ്ങൾ മാത്രമേ അവ കാണൂ.

ആഹാ... ആ വെളിച്ചത്തിന് എന്താ ഇത്ര പ്രത്യേകത?

ആ പ്രകാശത്തെ സാക്ഷിയായി ഇരുന്നു കൊണ്ട് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന കാര്യം നടക്കും എന്നാണ്. അപ്പോഴേക്കും സൂര്യൻ അസ്തമിച്ചിരുന്നു. ചക്രവാളത്തിൽ നിന്നും ഉയർന്നു വന്ന നേർത്ത ചുവന്ന പ്രകാശരശ്മികൾ ആ കടൽക്കരയേയും ഞങ്ങളേയും വാരിപുണർന്നു. അവൾ ചിരിച്ചു കൊണ്ട് അവന്റെ തോളിലേക്ക് തല ചായ്ച്ചു. എന്നിട്ട് പറഞ്ഞു.

'ശരി, എന്നാ ഞാൻ ആഗ്രഹിക്കട്ടെ.' എവിടെ ആയാലും നീ സന്തോഷമായിരിക്കണം എന്നാഗ്രഹിച്ചു കെണ്ട് ഞാൻ കണ്ണടച്ചു.

'ഡാ....' ഒരു ഉറക്കത്തിൽ നിന്നെന്നപോലെ ഞാൻ ഉണർന്നു. എടുക്കാറായി.. നിനക്കവളെ ഒന്ന് കാണണ്ടടാ...

ഞാൻ ഒന്നും മിണ്ടിയില്ല. നീ എന്താടാ ഒന്നു കരയുകപോലും ചെയ്യാത്തത്.. എന്തെങ്കിലും ഒന്ന് സംസാരിക്ക് നീ..

പണ്ടൊരിക്കൽ അവളോടു പറഞ്ഞ വാക്കുകൾ എനിക്കോർമ്മ വന്നു.

തമ്മിലൊരാൾ മരിച്ചാൽ നമുക്ക് അറിയാൻ കഴിയണമെന്നില്ലാ അറിഞ്ഞാൽ തന്നെ കാണാൻ വരാൻ കഴിയണ മെന്നില്ല. വന്നാൽ തന്നെ ഒന്നു പൊട്ടിക്കരയാൻ കഴിയണ മെന്നില്ല. അല്ലെങ്കിലും ഞാൻ എന്തിനു കരയണം. നീ എനിക്കു മരിക്കുന്നില്ലല്ലോ.

പള്ളി പറമ്പിലെ മൈലാഞ്ചിച്ചെടികൾ അവളുടെ ഗന്ധവും ശരീരവും വഹിച്ചുകൊണ്ട് വളർന്നു വരും. വരും കാലങ്ങളിലെ പുതുമണവാട്ടികൾ ആ ഇല അരച്ചിട്ട മൈലാഞ്ചിയണിഞ്ഞ കൈകളുമായി പുതിയൊരു ജീവിതത്തെ വരവേൽക്കാൻ നിറപുഞ്ചിരിയുമായി ഒരുങ്ങി നിൽക്കും. മതമെന്ന വിഷസർപ്പത്തിന്റെ ദംശനമേറ്റ് ജീവിതവും ജീവനും നഷ്ടപ്പെട്ട അവളുടെ ഗന്ധം, അവൾ കുഴിച്ചുമൂടിയ ഇഷ്ടത്തിന്റെയും ആഗ്രഹങ്ങളുടെയും രക്ത ത്തിന്റെ ഗന്ധം അവയിലുണ്ടാവും.

അന്ന് പിരിഞ്ഞപ്പോൾ ഞാൻ കരുതിയിരുന്നില്ല. നീയില്ലാത്ത ഈ ഭൂമിയിലെ ഒരു സൂര്യാസ്തമനം എനിക്കു കാണേണ്ടി വരുമെന്ന്. നീയില്ലാതെ ഈ ഭൂമി ഒട്ടും സുന്ദരമല്ല. നീയില്ലാത്ത ഈ ഭൂമിയിൽ ഒരുപാട് കാലം ജീവിക്കേണ്ടി വരുമോ എന്ന് ഞാൻ ഭയപ്പെടുന്നു.

- ചന്ദ്രചൂഡൻ
ബി.സി.എ


"Childhood should be a time of wonder, discovery, and joy, not a time of fear, violence, and trauma. Let us work towards a world where all children can grow up in peace."




# MET GALA

***It's the Metropolitan Museum of Art Costume Institute Benefits, a black-the extravaganza held on the first Monday in May to raise money for the muscum's fashion wing.***

***Unofficially, it's the party of the years the Oscar of the East Coast and AT.M. for the Met he last according to publicist Paul Wilmot.***

***To understand the latter, consider that last year's event raised $ 17.4 million-while the mets regular old spring gala raised first over $2.6 million. How is that possible? What is the secret sauce?***
***Two words: Anna wintour the vogue editor has been the gala's chief mastermind since 1999 after first signing on in 1995, and she has turned the event from a run-of-the-mill charity gala into a mega- showcase for Vogue's view of the world - the ultimate celebrity-power cocktail of famous names from fashion, film, tech, politics, sports, and now.***
***Social media: Every brand scratches every other brand's back. This year; D-Day is also may day: Monday, May. In theory, the timed arrivals each guest is allotted a slot-start at 5:30pm usually with the evening shots, and ends around 8pm. But you try teling Beyonce when to show Up! The most famous generally arrives wherever they want sometimes as late as 9:30 pm.***
***The party signals the opening of the costume institute's annual blockbuster show and the party is usually themed to the exhibition. This year's show is "Karl Lagerfeld: A Line of Beauty", a homage to the imagination and creativity of Mr.Lagarfeld, the long-time designer of Channel; Fendi and his own line, who died in 2019 and helped shape pun intended not just the modern wardroble, but the modern fashion world.***
***Mr. Lagerfeid famously hated retrospectives -"I don't want to see all those old dresses" he once said he said a lot of things, and often was conceived more as an exploration of his aesthetics.***

***- Aajya Raj***
***B.Sc Fashion Design***


A Kitchen Story
Art and Story: Alona Ann Daison
Its a short comic completely based on humour
The Potato, thought himself to be the greatest vegetable ever to exist. Hence he paraded among others vegetable with his head held high.
Once, in a Kitchen, lived a boastful Mr. Potato
STOMP! STOMP! STOMP!
I'm the best! Hm!
He is very handsome
Hm!
Mr. Potato always belittled his fellow vegetables whenever he got a chance, not until he met genius Okra who was busy trying to impress lady Cauliflower
HEY! You useless Okra !
The Okra stood in shock, as the potato continued his insult
huh???
You filthy Okra, you are slimy and slim, useless and ugly? Why don't you gain weight and build muscles? what a useless fellow, tsk.
What's going on here??
The genius Okra smirked and said: "You are fat and Unhealthy, full of sugar and carbohydrates. In fact, I wonder if you even know what carbohydrates are. I'm the great Okra! Rich in antioxidants and nutrients, I'm taller and faster!"
see what you were simping over
what's going on??
....
what's going on??
idk..
Both Mr. Potato and Bhindi stood shocked at the uninvited guest's boasting. Not until another uninvited guest entered the kitchen..
Yes, the kitchen monster, the demon that creates fright between the veggies, entered the kitchen
Heehee what should I cook today?
CLICK
let's make sambar today
Waaaaaaaa!!! help!!! it's the monster who eats veggies!!! helppp!
HELPPP
everyone RUN
helpppp
Before anyone could run away, the kitchen monster had already decided on her victims. First being the mighty Lauki itself and later came Mr. Potato, Smarty Bhindi and the list went on
Ahahahahh, don't be scared! Just admire me
Anyways, lesson learned, the more you boast, the more you become blind to your surrounding.
Stay safe people, or else this could be your fate
the end.

# THE MAGIC OF TOUCH

*The Merriam- Webster dictionary defines the word touch as feeling somcthing with a body part Although it is put very fucidly, there is something inherently magical about this act. Us humans, as a species, have a special relationship with this gesture. From the touch you felt from your mother at birth to the last disheartened kiss from your significant other and children before they close the lid of your coffin after your demise, this act of touch is something that is heartfelt and indescribably exceptional whether you realize it or not.*

*From calming you down to making you feel tremendous rage and almost every other emotion in between, a touch is all it takes to shake up your day or, not to be dramatic, even shape your life. From giving you the feeling of being wanted and loved to make you want to tear your skin and soul to pieces, this so-called simple act has the power to work wonders, yet we never really think about how all this works.*

*We human beings have been blessed with numerous ways to express ourselves to our peers. Its one of the things to sets us apart from other animals. For us, the act of touch just helps accentuating the message or feeling are trying to covey. But beyond that touch has the ability to bridge every organism on the face of this planet we contently call home. Be it petting our dearest canine friend or the leaf of a luscious green tree exhaling oxygen that makes our planet serene, this simple act works wonders. What I'm trying to say is: don't hesitate to express yourself through your touch; only with good intentions of course. Consent is a topic for another rant that I don't want to get in to at the moment. Your touch just might make someone's day and in turn make the worlda better and more beautiful place. Because we all know even though only a few of us actually sit and think about it - touch is magical.*


***- Abhishek Raju***
***BCA***



# ഗുൽമോഹർ

നീ കണ്ണെഴുതാനുള്ള കൺമഷിയിൽ
നിന്നൊരു തുള്ളി എന്റെ ഗുൽമോഹർ മരച്ചുവട്ടിൽ ഇട്ട് പോകണം..
പോകുമ്പോളൊരു കൊഴിഞ്ഞപ്പൂവും എടുത്തുകൊൾക..
എന്റെ പൂക്കൾക്ക് നിറം മങ്ങിയിരിക്കുന്നു...
ഇനി നിന്റെ കൺമഷി കുടിച്ചവ പൂത്തുപുളകം കൊണ്ട് ചുവക്കട്ടെ...
എന്റെ ചില്ലയിലോരോന്നിലും നിന്റെ കണ്ണോളം ഭംഗിയുള്ള
പൂക്കളുണ്ടാവട്ടെ...
ആ പൂക്കളിൽ നീയുമുഅാവട്ടെ... മഷിപ്പടർപ്പിലലിഞ്ഞു പൂക്കു
ഗുൽമോഹറുകളൊരു അക്ഷരവസന്തത്തിന്റെ പേരായ് മാറട്ടെ..

- സാന്ദ്ര ഷാജി
ബി.കോം ടാക്സ്



*My love for you is a flame that burns eternally,*
*a beacon guiding me through life's darkest storms.*
*With you, my heart finds its truest home,*
*a sanctuary of unwavering love and boundless joy.*



# College Life Through My Eyes...

**People come and go in your life. Times change. The direction of the wind shifts, often when you least expect it. Even the dust in the air begins to carry a different scent, marking the subtle yet profound changes around you. Suddenly, before you've even had a chance to process it, you find yourself stepping into a college you never dreamt of joining. A college you didn't choose, or perhaps one that chose you. What does it mean? Am I trapped here? Can I even move forward? These questions swirl endlessly in my mind, unstoppable and unanswerable, like a storm I cannot control.**

**Looking back to one year ago, as a fresher when I was nervously entering the college campus, it's hard to believe how much has changed. Now, as I sit finally to pen to paper my thoughts for the college magazine, I realise I never imagined myself in this position. Gratitude was an emotion I barely associated with this experience. Yet here I am, filled with loads of gratitude for a year that has shaped me in ways I never anticipated. This one year has gifted me lessons that books could never teach, friendships that feel like lifelines, and people who have become my family in every sense of the word.**

**That's not to say it has been a journey of endless joy. Far from it. The past year has been anything but predictable. Storms have come and gone—uninvited but necessary. They've taught me resilience when all I wanted was peace. College is a place that challenges you to your core, whether you like it or not. And while it might not be what you want at first, it's exactly what you need.**



Over these months, I've learned more than just academic lessons. The past period of days I learned to laugh, to move on, to make the best out of every small moment, to be a part of a community, to speak up when it matters, to be patient when situation demands and to never stop showing passion no matter what. I've learned to be a part of something bigger—a community that supports and uplifts each other. Life, I've come to realise, is like a movie playing in a theatre. The magic disappears when you lose focus, and unlike a movie, you can't rewind life's moments. Every scene matters, every small moment counts.

Academics, I must admit, haven't always been at the forefront of my priorities. It's not because they lack importance but because, for many students, academics fail to address the deeper struggles within them. Beneath the surface, we're all carrying invisible wounds, scars that education alone cannot heal. And yet, I wonder—what if it could? What if, someday, learning had the power to mend broken hearts and soothe weary souls? I'd be fascinated to see how many students would embrace their studies with newfound enthusiasm. I know I would. Perhaps the classrooms would be fuller, not just with bodies but with minds eager to learn, to grow, and to heal.

This is the reality of a student's life—the highs, the lows, and everything in between. It's a rollercoaster of emotions, challenges, and discoveries. College isn't just about earning a degree; it's about learning to navigate life. It's about the late-night conversations with friends that leave you feeling lighter, the impromptu celebrations that make you forget your worries, and even the quiet moments of self-learning when the world feels heavy.

So here I am, with two more years ahead of me, ready to embrace whatever comes my way. College might not be what I wished for initially, but it has become a place I've come to appreciate deeply. To anyone reading this, remember—life in college may not be perfect, but it's real. And sometimes, that's more than enough. That's life—or, more precisely, the life of a student, a college student!

*- Sairah Mariya Gladson*
*B.Sc Psychology*



## *RESTRICTION*

*I realized, whatever the innate*
*talents*
*I had is all in absence by now!*
*Maybe my soulful mind towards*
*the*
*Solo life created this absence.*
*Absence...*
*Which erased by the bonding*
*with*
*You and I!*
*Maybe lam focused more on the*
*home bounded things..*
*And maybe that's why the wing I*
*had is*
*all restricted to 'Fly...*
*Once, these wings right in the*
*corner of*
*my room asked me*
*"When will you need me again"?*
*I replied:*
*"I don't know"........*
*Maybe after this phase of*
*restriction!*

*- Adhithya Mary Das*
*B.Sc Fashion Design*

# एक अनोखी यात्रा

समय सबेरे चार बजा। नीना आँख खोलकर उठी। क्षेत्र की मधुर गाने सुनकर उसने उठा। वह लोडज के बाल्कणी पर अपने चाय की कप लेकर वहाँ खडी। तमिल नाडू के प्रसिद्व पलनि मंदिर देखने के लिए वहाँ आया था। सूर्योदय से पहले वहाँ क्षेत्र के आस-पास फूल, चंदन बेचने  वाले लोग, उठते है और अपने काम में व्यस्त हो रहा है। क्षेत्र की गाने, चंदन की गंद एकदम अनोखा था। नीना स्नान करके उस पवित्र रास्ते में गयी। वहाँ उसने एक अद्‌भुत कार्य देखा, उस समय भी हज़ार लोग वहाँ थे। पलनि देव को दर्शन करने केलिए। सभी तरह की लोग, हिंदू, ईसाई, मुसलमान, सिक, ऐसे हज़ार। पर यह सब वहाँ आते हुए एक हो रहा था। वहाँ हिजडा थी। वह नीना से पैसा माँगकर उसको अनुग्रह किया। वहाँ गरीब और अमीर सब थे। सब लडकियाँ फूल अपने बालों में रखा। कितना संदर द्रश्य। कई रंग के फूल, चंदन आदि। यह सब देखकर नीना को बहुत आश्चर्य हुआ। जब वह पलनि देवन के क्षेत्र में पहूँचा तब उसको समझे आया की क्यों इतने सारे लोग यहाँ आता है। उस मंदिर की हर एक जगह में भगवान की रूप से  सजावट कर रहे थे। वहाँ एक छोटा हाथी और कई पशु पक्षियाँ थे। और थके हुए लोगों को मंदिर से खाना देती थी। रास्ते में गाय का गोबर था। भारत के कई भागों के लोग वहाँ माँजूद थे। यहाँ आते वक्त नीना को समझ आया की भगवान के लिए सब लोग एक जैसा है। वहाँ अमीर, गरीब, हिंदू, मुसलमान ऐसा कोई भेद भाव नहीं है। उसके जीवन में एक अनोखी यात्रा यह ही है।

– श्वेता मधु
बि सि ए



# പ്രണയത്തിന്റെ നീലഞരമ്പുകൾ

നിന്നിൽനിന്ന് എന്നിലേക്ക് വേരുപിടിച്ച നീലഞരമ്പുകളിലെ പ്രണയത്തിന്റെ ആഴങ്ങൾ തീർത്ത് ഹൃദയത്തിലെ ഓരോ കുഞ്ഞുവഴിത്തിരിവുകളേയും വീണ്ടും വീണ്ടും മുടിനാര് പകുത്ത് എന്നിലൂടെ പിന്നെയും പിന്നെയും എന്നിലേക്ക് തന്നെ ഒഴുകി.. എന്നിൽ നിന്ന് പുറത്തേക്കുള്ള നിന്റെ വഴികളിൽ.. നിനക്ക് പിന്നിൽ എന്നെ ഞാൻ വലിച്ചടച്ചു കഴിഞ്ഞു...

എന്റെ മറവിയുടെ ഒളിത്താവളങ്ങളിലെ പിടി തരാത്ത ഇരുട്ടിന്റെ പരുപരുത്ത ഭിത്തികളിൽ വെളിച്ചം കൊണ്ട് ചായം പുരട്ടുന്നത് നിന്റെ വിരലുകൾ ആണ് ആ പായൽ പിടിച്ച മൺചുവരുകളിൽ തെളിയുന്ന മുഖം നിന്റേതുമാത്രം ആണ്.

നിന്നിൽ ഉദിക്കുന്ന ഓരോ സൂര്യനും എന്നിൽ കോർക്കുന്നു വിയർപ്പിന്റെ മുത്തുകൾ നിന്നോടുള്ള എന്റെ തീവ്ര പ്രണയത്തിന്റെ അഗ്നിയെ മനസ്സിന്റെ ഹോമകുണ്ഡങ്ങളിൽ വീണ്ടും ജ്വലിപ്പിക്കും.

നറുനെയ് ആയി എന്നും പകർന്നാടും മരണം എന്റെ പാദം നനയ്ക്കും വരെ.

- ചന്ദ്രചൂഡൻ
ബി.സി.എ

# मेरी ज़िदगी

ज़िदगी-पहेली, जिन्हे सुलझाते
वक्त निकल पडी, पता नहीं
खुशियो से खिले और आँसुओ में
डूबे दिन थे।
माँ -बाप से किया ज़िद,
अब खुद से करना पडता है
पता नहीं, पता नहीं।
वक्त के साथ कब सब कुछ
बदल गया पता नही।
बचपन तो कल-के कल थे
कब बुढापा ज़िंदगी को
अपना बना दिया, पता नही।
पता नहीं की, वक्त बचा है या ना,
बस ज़िदगी जीने का मन है।
पता नहीं, अब तो बस जीने
का मन है।

– देविका शिवदास
बी.एस सी मनोविज्ञान





# ആണിനും പെണ്ണിനും മാത്രം നീതി മതിയോ?

പെണ്ണിനെപോലെ അല്ലെങ്കിൽ ആണിനെപോലെ പെരുമാറുക എന്ന് നിർബന്ധിക്കുന്നതിന് പകരം അവരുടെ ചിന്തകളെ ബഹുമാനിക്കുകയും വേണ്ടുന്ന സ്നേഹവും പിന്തുണയും നൽകുകയും ചെയ്യുന്നതോട് കൂടി അവരുടെ ഉള്ളിലെ ഭയത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു. ആരൊക്കെ എത്ര പിന്തുണച്ചാലും പൊതു സമൂഹത്തിന്റെ മനോഭാവത്തിൽ വലിയ മാറ്റങ്ങൾ വന്നിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഇവരെ ലൈംഗീക തൊഴിലാളിയായും ഭിക്ഷക്കാരായും കരുതുന്നവരും കളിയാക്കുന്നവരും പുച്ഛം നിറഞ്ഞ വട്ടപ്പേരുകളും പലപ്പോഴും ഇവരെ വിശേഷിപ്പിക്കാൻ നാം ഉപയോഗിക്കാറുണ്ട്.

അർഹതയുള്ള ജോലികളിൽ നിന്നും ആശുപത്രികളിൽ നിന്നും യാത്ര ചെയ്യുന്ന വാഹനങ്ങളിൽ നിന്നും അതുപോലെയുള്ള ഇടങ്ങളിൽ നിന്നും മാറ്റി നിർത്തപെടുന്നു. തങ്ങളുടെ ബാഹ്യരൂപം കാരണം വിവേചനത്തിനും അക്രമത്തിനും അതിനെക്കുറിച്ചുള്ള ഭയത്തിനും വിധേയമാവുകയും സാമൂഹികവും സാമ്പത്തികവുമായ വികസനത്തിൽ പങ്കാളികളാകാൻ കഴിയാതെ വരികയും ചെയ്യുന്നു.

അതുകൊണ്ടുതന്നെ അവരുടെ ജീവിതത്തിലെ എല്ലാ ദിവസവും ഈ യാഥാർത്ഥ്യങ്ങൾ അനുഭവിക്കേണ്ടിവരുന്നു. സാമൂഹിക മാനദണ്ഡങ്ങളുമായി പൊരുത്തപ്പെടാത്ത ഒരുകൂട്ടം വ്യക്തികളോടുള്ള വെറുപ്പും അക്രമവും ട്രാൻസ്ജെൻഡറുകൾക്കെതിരായ തീവ്രമായ അക്രമവും പതിവാണ് എന്നാൽ ഈ അക്രമം പലപ്പോഴും ശിക്ഷിക്കപ്പെടാതെ പോകുന്നുണ്ട്. എന്നിരുന്നാല്ലും ട്രാൻസ് ആളുകൾക്കും മൗലികവകാശങ്ങളുണ്ട് ജീവിതം, സ്വാതന്ത്രം, സമത്വം, ആരോഗ്യം, ആവിഷ്കാരം. എന്നാൽ അവരുടെ അവകാശങ്ങൾ നിരന്തരം നിഷേധിക്കപ്പെടുന്നു.

ശീതൾ ശ്യാം, അഞ്ജലി അമീർ, രെഞ്ചു രെഞ്ചിമർ, ആദ്യ ട്രാൻസ് ദമ്പതിമാരായ സൂര്യ ഇഷാൻ, വിമാനം പറത്താൻ യോഗ്യത നേടിയ ആദം അങ്ങനെ നിരവധിപേർ സ്വന്തം ഐഡന്റിറ്റി വെളിപ്പെടുത്തി പരിഹാസത്തിലൂടെയും ഒറ്റപ്പെടുത്തലിലൂടെയും കടന്ന് ജീവിതവിജയം നേടിയവരാണ്. ഇനിയും തങ്ങളുടെ ഐഡന്റിറ്റി വെളിപ്പെടുത്താതെ ഭയന്ന് ജീവിക്കുന്ന അനേകം ആളുകൾ നമ്മുടെ ചുറ്റു പാടുമുണ്ട്.

ട്രാൻസ് ആയ ഒരു വ്യക്തി തങ്ങളുടെ വ്യക്തിത്വത്തെപറ്റി മനസുതുറക്കുകയാണെങ്കിൽ തീർച്ചയായും അവരെ സപ്പോർട്ട് ചെയ്യുകയും അവരുടെ നല്ലൊരു സുഹൃത്താവുകയും അവരെ കൂടുതൽ പിന്തുണക്കുകയും ചെയ്യുക.

- മഹിമ.കെ റോയ്
ബി.കോം സി എ

# 24/7 BEGAN OVERNIGHT

*Knew that I was tripping, yet elated that it had  been spitted out. It  gripping on me to the feeling that, there's no escape nowhere. But why now? when I tried not to the utmost.*

*Is it because I don't deserve this, or because of fear if l would be left alone. It may be easy to not let it out, but how is it easy for your heart not to.*

*I was busy confining it to myself so there's no hurt that's left to cause him. But to me, thanks, everything displeasing cope very well, whatnot.*

*But how did it unbind overnight? When his fingers roamed through my hair strands, and his eyes gazed 'mine, I knew I was about to eventually let go of the grudge.*

*And it took only a moment for our Souls to intertwine into one, and to be one forever.*

*And I knew here, there isn't a need for the cues to play hard. If it took long confining to myself it only took a moment to forever.*

*- Hiba Abu*
*M.Sc Psychology*



# ഹാ സ്വദുഃഖ നാടകം

ജീവിതം, ഒരു കരയുന്ന ഗാനം, മരണം, അതിനോട് ചേർന്നൊരു മധുരമൗനം. ഒന്നിനൊന്ന് വിരുദ്ധമെന്നുവെങ്കിലും, അവ ചേർന്നാണ് നമ്മെ പൂർത്തിയാക്കുന്നത്.

ജന്മം ഒരു വസന്തവേല, മരണവും ഒരവസാന ശിശിര മേള.

ഇരുവശവും കൈതാങ്ങാനെത്തുന്ന അവ്യക്തമായ ഒരു കലം

ഒരാളുടെ നിലവിളി, മറ്റൊരാളുടെ പിറവി, നിന്റെ ശ്വാസം, മറ്റൊ രാളുടെ കാറ്റുതുമ്പ്.

മരിക്കുന്നതെന്തോ ജീവനുള്ളതിനെ വളർത്താൻ വരുന്ന മൂടിയൊരു കരുണ.

മരണമെന്നാൽ ഒരു വരണ്ട മണ്ണ്, പക്ഷെ, അതിലായിരം കുരുവികൾ വീഴും വിത്തായി പിറക്കുന്ന അനുഭവം ജീവിതം ചിരിച്ചാലും കരഞ്ഞാലും, മരണത്തിൽ പൂക്കളാണ് തലോടുന്നത്.

കുട്ടികളുടെ ചിരികളിൽ, ചിതക്കൂട്ടിൽ ഉയരുന്ന പുകയിൽ അവനവന്റെ താളം അടിക്കുന്ന ഒരു വലിയ നാടകം.


ഒരുനാളും ഇത് അവസാനിക്കില്ല. അവശേഷിച്ച ഓർമ്മകളും അപ്രകാശമായ ഒരു കണ്ണീരു പോലും സമയത്തിന്റെ സംഗീതത്തിൽ ചേർന്നു കൊണ്ടിരിക്കും.

ജീവിതം ഒരു കഥയാണ്, മരണം അതിന്റെ തുടർച്ച അതിൽ ദുഖമുണ്ടെങ്കിൽ അതിന്റെ മധുരവും അവിടെ തന്നെ.

- മീനു ജിമ്മി
ബി.എസ്.സി സൈക്കോളജി

# WE WILL SURVIVE





# ഓർമ്മയുടെ അടയാളങ്ങൾ

ഓർമ്മയുടെ അടയാളങ്ങൾ ബാക്കി വയ്ക്കാതെ നീ
എങ്ങോട്ടാണ് അദൃശ്യനായത്?

തലച്ചോർ പാളികളിൽ എവിടെയും പെടാതെ നീ
എങ്ങനെയാണെൻറെ ഹൃദയത്തിൽ കുടിയേറിയത്?

കരിങ്കൽഭിത്തിയുടെ പ്രഭാവത്തോടെ നിലകൊണ്ട് എൻ
ഹൃദയത്തിൻ അറകൾ നിനക്കു മുൻപിൽ മലർക്കെ
തുറന്നതെങ്ങനെ?

നിന്റെ ഇന്ദ്രനീല കണ്ണുകളിൽ ഒളിപ്പിച്ച പ്രണയതിരകൾ
എന്റെ കറുത്ത കണ്ണുകളിൽ തീരം തേടി അലഞ്ഞു.

മറക്കില്ല എന്ന ഒറ്റവാക്കിൽ ഞാൻ നിന്നെ കുറിച്ചു വയ്ക്കുന്നു.
ഒരുപക്ഷെ ഒരുപക്ഷെ നീയില്ലായയിൽ എന്റെ രാത്രികൾക്കു
ദൈർഘ്യം ഏറിയാൽ ഓർത്തെടുക്കാൻ..

"അത്രമാത്രം"

- അമിത സജി
എം.എസ്.സി സൈക്കോളജി

# Wingless Bird

*In despair was I, yet elated. Diminishing was my face, yet pretty. All those beautiful stories, I wish had originated from me, but what I was known to be,*

*is the originator of those deadly ones. A human like you am I,*

*who wishes to be always righteous, who hae wings of dreams, who wish for stories of laughter, and what did I receive?*

*I am known to keep, a permanent mask, yet beautiful. I am known to throw tantrums, to whoever passes by.*

*But do you know who am 1? A wingless bird in the cage, winged by physique, yet can't fy, a tinted little shape, half faded into dust,*

*a pretty-eyed creature, yet all that witness is bitter*

*and all that it did was bathe.*

*Dreaming of keeping me caged, is a dream dear... cause I'm shaking, getting the dust cleared for my flight.*

- Hiba Abu
M.Sc Psychology



# ഒറ്റ ധ്രുവമുള്ള ഭൂമി

വിശ്രമമുറിയിലെ പഴയ കട്ടിലിൽ കിടന്ന് അമ്മ പുറത്തു മകന്റെ ബൈക്കിന്റെ ശബ്ദത്തിനു കാതോർത്തു. 'അമ്മ വിളമ്പി വച്ച് കിടന്നോളൂ.. വെറുതെ എന്നെ കാത്തിരിക്കണ്ട' എന്ന് അവൻ അമ്മയോട് പറഞ്ഞേൽപ്പിച്ചിട്ടുണ്ട്. അത് അമ്മയോടുള്ള അവന്റെ സ്നേഹവായ്പു കൊണ്ടല്ല, അവന്റെ ദിവസങ്ങളിൽ അമ്മയോട് പങ്കുവയ്ക്കാനായി ഒന്നും ഇല്ല എന്ന് അവന് തോന്നി തുടങ്ങിയിരിക്കുന്നു.

ചെറുപ്പത്തിൽ അമ്മ അവന് അത്ഭുതമായിരുന്നു. അവന്റെ കുഞ്ഞുകുഞ്ഞു സംശയങ്ങളുടെ ഉത്തരമായിരുന്നു അമ്മ. സൂര്യനും മഴയും ചന്ദ്രനും അവന് വിസ്മയങ്ങൾ ആയപ്പോൾ അമ്മ അവന് ആ ലോകങ്ങളെല്ലാം വിവരിച്ചു. കുഞ്ഞു അക്ഷരങ്ങൾ കൈകളിൽ ഒതുങ്ങാതെ അവൻ ചിണുങ്ങിയപ്പോൾ അമ്മ അവന്റെ വിരലുകൾ പിടിച്ചു അക്ഷരങ്ങളിലൂടെ യാത്ര ചെയ്യിപ്പിച്ചു. തണുപ്പും ചൂടും വേനലും മഴയും എല്ലാം അവനെ പരിചയപ്പെടുത്തിയത് അമ്മയാണ്.

അവൻ വളർന്നു.. പഠനത്തിലും ജീവിതത്തിലും അവൻ ഓരോ പടവുകൾ കയറും തോറും അമ്മയിലേക്കുള്ള അവന്റെ ഒറ്റയടിപാതകൾ നേർത്തു നേർത്തു വന്നു. അവന്റെ ലോകം വളരുകയും അമ്മയുടെ ലോകം അവനിലേക്കും അവന്റെ ഇഷ്ടങ്ങളിലേക്കും ചുരുങ്ങി ചുരുങ്ങി പോവുകയും ചെയ്തു.

അമ്മ അവനെ നടത്തിച്ച കടൽത്തീരങ്ങളിലും, പട്ടണത്തിലെ ആൾത്തിരക്കിലും, കുന്നിൻ ചെരുവുകളിലും പള്ളി മേടകളിലും.. മെലിഞ്ഞുണങ്ങിയ ആ കൈ പിടിച്ചു നടക്കാൻ അവൻ നാണിച്ചു.

പതിയെ അമ്മ ആ വീട്ടിലെ ശബ്ദമില്ലാത്ത സാന്നിധ്യമായി. അവന് പ്രിയപ്പെട്ടത് ഒരുക്കി. അവന്റെ മുഷിഞ്ഞ വസ്ത്രങ്ങൾ തിരുമ്മി ഉണക്കി. സുഗന്ധം പൂശി തേയ്ച്ചുണക്കി. അവന്റെ ചെരുപ്പുകൾ മിനുക്കി. അവന്റെ തുണികൾ തുന്നി... ഒരു പ്രാർത്ഥനപോലെ അവൾ ദിനങ്ങൾ ചിലവിട്ടു.
മകനെ കാത്തു കിടന്നു. ആ മെല്ലിച്ച ശരീരം മയങ്ങി പോയി.. മകൻ യാത്രയിൽ ആയിരുന്നു. അമ്മയ്ക്ക് മനസ്സിലാകാത്ത കാര്യങ്ങൾക്ക് വേണ്ടി.. അമ്മ കാണാത്ത ഇടങ്ങളിൽ..

ഒടുവിൽ തിരിച്ചെത്തിയപ്പോൾ വിശ്രമമുറിയിലെ കട്ടിലിനു ചുവട്ടിലേക്ക് ഉറുമ്പുകളുടെ ഒരു നീണ്ട ഘോഷയാത്ര കണ്ടു അവൻ.
അവനുവേണ്ടി ഉണ്ടാക്കി മൂടിവച്ച ഭക്ഷണം പഴകി ഊണുമുറിയിലെ മേശയിൽ ഉണ്ടായിരുന്നു. അതിനെ മറികടന്നു ചെന്നപ്പോൾ കട്ടിലിൽ ഉറുമ്പുകൾ കടിച്ചു വിറങ്ങലിച്ച ഒരു ദേഹം കിടന്നിരുന്നു. ഇനി രണ്ടു ധ്രുവങ്ങൾ ഇല്ല. അവൻ ഇനി ഒറ്റ ധ്രുവമുള്ള ഭൂമി.

- ലക്ഷ്മി ബിനോയ്
ബി.എസ്.സി സൈക്കോളജി

# *The Voyage of Quest*

*Set on for voyage of life*
*From the matron's womb*
*Across the horrid sea of life*
*For the quest of Alpha and Omega*
*But often unsuccessful.*

*Queried with dear ones,*
*"Where is He?"*
*"There is He", "That is He"*
*But often pellucid.*

*The sail continues,*
*Yacht affected by tempest.*
*"Is He a sadist?"*
*But often perplexed.*

*Miles away, I heard a dog's yelp,*
*I saw someone crying for help.*
*Some unknown yacht approached death,*
*Helping hand unravelled heart's depth.*

*I became his revitalizer,*
*At the last moment of destruction.*
*Thou offered a countenance of smile,*
*Which touched the bottom of isle.*

*The Sambur in the forest,*
*Probes for the odour*
*But it doesn't recognize,*
*That its horn fetches the odour.*

*Similarly, mortals quest for He,*
*In temples, mosques and churches,*
*But He dwells in Thy*
*And Thy in He*

- **Albin Saji**
**B.Sc Psychology**

# കലാലയ യൂണിയൻ റിപ്പോർട്ട് 2024-25

ചരിത്രം ഒരിക്കലും തിരുത്തപ്പെടാനുള്ളതല്ല അത് രേഖപ്പെടുത്തപ്പെട്ടവയാണ്.

കഴിഞ്ഞുപോയ കാലങ്ങളെ രേഖപ്പെടുത്തി അത് നാളെയുടെ ലോകത്തിൽ പ്രദർശിപ്പിക്കുമ്പോഴാണ് അഭിമാനവും അമ്പരപ്പും പ്രകടമാകുന്നത്.

നേട്ടങ്ങളുടെ പൊൻകിരീടവുമായി , ശിരസ്സുയർത്തി നമ്മുടെ കോളേജ് ഒരാണ്ടു കൂടി പിന്നിടുകയാണ്.

2024 2025 കാർമൽ കോളേജിന്റെ കലാലയ യൂണിയൻ റിപ്പോർട്ട് ബഹുമാനപ്പെട്ട അധ്യാപകരുടെയും പ്രിയ വിദ്യാർത്ഥികളുടെയും സമക്ഷം സമർപ്പിക്കുന്നു.

## വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പ് 2024

റിട്ടേണിംഗ് ഓഫീസർ, കൊമേഴ്സ് വിഭാഗം അധ്യാപിക, ശ്രീമതി റിജി എം ജേക്കിന്റെ നേതൃത്വത്തിൽ ഒക്ടോബർ മാസം പതിനേഴാം തീയതി കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് നടന്നു.

1. ചെയർപേഴ്സൺ ഫാത്തിമ. H I M Sc Psychology
2. വൈസ് ചെയർപേഴ്സൺ മഹിമ കെ റോയ് III B.Com
3. ജനറൽ സെക്രട്ടറി ആദിത്യ മനോജ് III B Sc Psychology
4. ആർട്സ് ക്ലബ് സെക്രട്ടറി നോറ ആൻ ഷിബു I B Sc Psychology
5. മാഗസിൻ എഡിറ്റർ കാർത്തിക് ഷൈൻ III B.Com
6. സ്പോർട്സ് സെക്രട്ടറി അപ്പു മനോജ് III B. Com
7. യൂ. യൂ. സി അർജുൻ ജയകുമാർ I BCA
8. യൂ. യൂ. സി ജോയിഷ് ജോയ് I B.Com
9. വനിതാ പ്രതിനിധി അക്ഷര അനിൽ I BCA
10. വനിതാ പ്രതിനിധി അനഘ ബിനു I B.Com
11. ഒന്നാം വർഷ പ്രതിനിധി അർജുൻ രാജേഷ് I BSW
12. രണ്ടാം വർഷ പ്രതിനിധി ജേക്കബ് എൽദോ ജയ്സൺ II B Sc Psychology
13. മൂന്നാം വർഷ പ്രതിനിധി അലൻ സാജു III B.Com
14. രണ്ടാം വർഷ പിജി പ്രതിനിധി സുബിൻ തങ്കൻ II MSW

## സത്യപ്രതിജ്ഞ

കോളേജ് യൂണിയൻ 2024 ഒക്ടോബർ 23ന് സത്യപ്രതിജ്ഞ ചൊല്ലി അധികാരം ഏറ്റു. പ്രിൻസിപ്പൽ ഫാ. ഷാജി മംഗലത്ത് ചടങ്ങിന് അധ്യക്ഷത വഹിച്ചു. ചെയർമാൻ ഫാത്തിമ H. സ്റ്റാഫ് അഡ്വൈസർ റിജി എം ജേക്കബ്, വൈസ് പ്രിൻസിപ്പൽ ഫാദർ ജോസ് അലക്സ് എന്നിവർ ആശംസകൾ അറിയിച്ചു.

## കോളേജ് യൂണിയൻ ഉദ്ഘാടനം.

2025 ജനുവരി മാസം പതിനാലാം തീയതി കോളേജ് ഓഡിറ്റോറിയത്തിൽ യൂണിയന്റെ ഉദ്ഘാടനം കോതമംഗലം എംഎൽഎ ശ്രീ ആന്റണി ജോൺ നിർവഹിച്ചു. കോളേജ് യൂണിയൻ ചെയർപേഴ്സൺ ഫാത്തിമ ചടങ്ങിന് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഫാ.ഷാജി മംഗലത്ത്, ഫാദർ ജോസ് അലക്സ് വൈസ് പ്രിൻസിപ്പൽ, വൈസ് ചെയർ പേഴ്സൺ മഹിമ കെ റോയ്, ജനറൽ സെക്രട്ടറി ആദിത്യ മനോജ്, ആർട്സ് ക്ലബ് സെക്രട്ടറി നോറ ആൻ ഷിബു, മാഗസിൻ എഡിറ്റർ കാർത്തിക് ഷൈൻ എന്നിവർ ആശംസകൾ അർപ്പിച്ചു. ചടങ്ങുകൾക്കു ശേഷം കോളേജ് യൂണിയൻ ഫ്യൂഷൻ പ്രോഗ്രാം സംഘടിപ്പിച്ചു.

മൗണ്ട് കാർമൽ ഫുട്ബോൾ ലീഗ്

മൗണ്ട് കാർമൽ ഫുട്ബോൾ ലീഗ് എന്ന പേരിൽ കോളേജിൽ ഫുട്ബോൾ ലീഗ് സംഘടിപ്പിച്ചു. കോളേജിലെ ടീമുകൾ തമ്മിലുള്ള മത്സരത്തിൽ ടീം ഗണ്ണേഴ്സ് ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും, എ.സി മിലാൻ രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. ഇതിന് നേതൃത്വം നൽകിയത് അധ്യാപക സ്പോർട്സ് കോഡിനേറ്റർ നവീൻ ജി ബേസിൽ പോൾ സാറാണ്.

ആർട്സ് ഡേ

സൃഷ്ടി 2025 എന്ന പേരിൽ ഈ അധ്യായന വർഷത്തെ ആർട്സ് ഡേ സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ കലാ മികവ് തെളിയിക്കാനുള്ള വേദിയായി സൃഷ്ടി 2025 മാറി. മത്സരത്തിൽ വിജയിച്ചവർക്കും പങ്കാളികളായവർക്കും ഒരേപോലെ അഭിനന്ദനം അറിയിക്കുന്നു.

കോളേജ് സ്പോർട്സ് ഡേ

എക്സെർജി 2025 എന്ന പേരിൽ കോളേജ് ആനുവൽ സ്പോർട്സ് അരങ്ങേറി. കായിക രംഗത്ത് വിദ്യാർത്ഥികളുടെ സാന്നിധ്യം സജീവമാക്കാൻ വേണ്ടി കോളേജ് യൂണിയന്റെ നേതൃത്വത്തിൽ വ്യത്യസ്ത ദിവസങ്ങളിൽ കായിക മത്സരങ്ങൾ നടത്തി. പരിപാടിയുടെ ഉദ്ഘാടനം ഏഷ്യ പസഫിക് ഷിറോറ റിയു വേൾഡ് കരാട്ടെ ചാമ്പ്യൻഷിപ് 2024 വെട്രൻ ചാമ്പ്യൻ ഷിഹാൻ രഞ്ജിത്ത് ജോസ് നിർവഹിച്ചു.

കോളേജ് ഫെസ്റ്റ്

വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ കോളേജ് യൂണിയന്റെ സഹകരണത്തോടെ IGNITE 2024 എന്ന പേരിൽ കോളേജ് ഫെസ്റ്റ് നടത്തി. ഒട്ടനേകം സ്കൂൾ വിദ്യാർത്ഥികളും, കോളേജ് വിദ്യാർത്ഥികളും പങ്കെടുത്തു.

കോളേജ് ഡേ

കലാലയ വർഷത്തിന്റെ പൂർത്തീകരണം എന്ന നിലയിൽ അധ്യാപക വിദ്യാർത്ഥി സഹകരണത്തോടെ മികച്ച രീതിയിൽ കലാഷ് 2024 എന്ന പേരിൽ കോളേജ് ഡേ സംഘടിപ്പിക്കാൻ സാധിച്ചു. പ്രശസ്ത സിനിമാതാരം ശ്രീ വിഷ്ണു ഉണ്ണികൃഷ്ണൻ ഉദ്ഘാടനം നിർവഹിച്ചു. കോളേജ് പ്രിൻസിപ്പൽ, മാനേജർ ,വൈസ് പ്രിൻസിപ്പൽ എന്നിവർ സംസാരിച്ചു. കോളേജ് ജനറൽ സെക്രട്ടറി കലാലയ യൂണിയൻ റിപ്പോർട്ട് അവതരിപ്പിച്ചു. മാഗസിൻ എഡിറ്റർ നന്ദി അർപ്പിക്കുകയും ചെയ്തു. പൊതു ചടങ്ങിനു ശേഷം വിദ്യാർത്ഥികളുടെ കലാപരിപാടികളും അരങ്ങേറി.


കടപ്പാട്


കലയിലൂടെ കലഹിക്കാനായിരുന്നു ഞാൻ ശ്രമിച്ചത്. കലയെ നെഞ്ചിലേറ്റിയ മൗണ്ട് കാർമലിലെ യുവ തലമുറയെ അരങ്ങിലേക്ക് കൈപിടിക്കാനായതും നേർവഴി കാണിച്ചു കൊടുക്കാനായതും ഒരു നിയോഗമായി കണക്കാക്കുന്നു. എല്ലാവരെയും ചേർത്ത് നിർത്താൻ കഴിഞ്ഞിട്ടുണ്ട് എന്ന് തന്നെയാണ് വിശ്വാസം.

ഈ പ്രയത്നത്തിൽ ഉടനീളം കൂടെയുണ്ടായിരുന്ന പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ, അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥി സുഹൃത്തുക്കൾ, എന്റെ പ്രിയപ്പെട്ട സ്നേഹിതർ എല്ലാവർക്കും എന്റേയും യൂണിയന്റേയും നന്ദി അറിയിക്കുന്നു.
ഒപ്പം സഞ്ചരിക്കുമ്പോൾ ആവേശമാകാനും അടുപ്പത്തിന്റെ ദൂരങ്ങൾ കൂടുമ്പോൾ മറവിയുടെ അസുഖം ബാധിക്കാതിരിക്കട്ടെയെന്നും ഓർമ്മിപ്പിച്ചുകൊണ്ട് എല്ലാവർക്കും ഒരിക്കൽകൂടി എന്റെ കൃതജ്ഞത.

എന്ന്

കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി
ആദിത്യ മനോജ്


- Muhammed Sabith MF
BCA



- Anu Krishnan
BCA



- Alona Ann Daison
B.Sc Psychology

# MERIT HOLDERS
# 2021-24

**DEPT. OF COMMERCE**


Nivin M Roy


Anita Philip

**DEPT. OF PSYCHOLOGY**


Basil Binoy


Alaika Mathew

**DEPT. OF ENGLISH**


Anju A


Fathimathu Sharafiya

**DEPT. OF COMPUTER APPLICATION**


M. Gopika


Parvathy Santhosh

**DEPT. OF FASHION DESIGN**



Nandana Santhosh


Aliya Nasreen

*Congratulations*


NAAC ACCREDITED
WITH 'A' GRADE
(CGPA :3.21)
NAAC PEER TEAM
ACCREDITED WITH GRADE
A
NAAC
Certificate of Accreditation


MOUNT CARMEL COLLEGE
Fr. JOSEPH KOTSCHNER MEMORIAL
P.G. BLOCK
Certificate of Accreditation
NAAC


KALASH 2K24
College Day
SPINAL CHORD
AGORA

# UNION INAUGURATION



# IGNITE 2K24


MOUNT CARMEL COLLEGE KARUKADOM
IGNITE 2024
IGNITION SUPER CUP
Prestige
C - SUITE
POP CORN


2K24
AGORA

# CHRISTMAS CELEBRATION





SRISHTI
2K25
MOUNT CARMEL COLLEGE
MOUNT CARMEL COLLEGE
MOUNT CARMEL COLLEGE
MOUNT CARMEL COLLEGE

# SPORTS DAY




RCSY
25

# Nammude MCC




MCC
MCC
MOUNT CARMEL COLLEGE

# GRADUATING BATCHES




S6 BCA




S6 B.Sc Psychology

# GRADUATING BATCHES




S6 B.Com CA



S6 B.Com TAX




S4 B.Com



S4 BCA



S4 B.Sc Psychology



S4 BSW



S2 B.Com



S2 BCA



S2 B.Sc Psychology




S2 BSW

# DEPARTMENT OF FASHION DESIGN



# DEPARTMENT OF ENGLISH



# GRADUATING BATCHES



S4 M.Com



S4 M.Sc Psychology



S2 M.Sc Psychology



S2 MSW

# TEACHING STAFF



# NON-TEACHING STAFF



## UNION MEMBERS



## EDITORIAL BOARD



## STAFF EDITORS





“ കാലത്തിന്റെ വറ്റിയ പ്രവാഹത്തിന്റെ തീരത്തിൽ
അവസാനം, ഞാൻ തിരിച്ചെത്തിയിരിക്കുന്നു ”



# THANKS

MCC യുടെ മറ്റൊരു അധ്യയന വർഷത്തിനുകൂടെ ഇവിടെ തിരശീല വീഴുന്നു... മൂന്ന് വർഷത്തെ കലാലയ ജീവിതം കഴിഞ്ഞ് MCC യിൽ നിന്ന് പടിയിറങ്ങുന്നത് ഒരായിരം ഓർമ്മകളും കൊണ്ടാണ്. AGORA യിലെ താളുകൾക്ക് അതിലൊരു പ്രാധാന്യമുണ്ട്, AGORA എന്നത് കൂടിച്ചേരലുകളുടെ ഇടമാണ്, ഒന്നിലധികം മനസ്സുകളുടെ ഒത്തുചേരലാണ്, ഒരു അടയാളപ്പെടുത്തലാണ്, ഒരു സ്വപ്നമാണ്. ഒന്നും പൂർണമായി എന്ന് അവകാശപ്പെടുന്നില്ല...കുറവുകൾ ധാരാളമുണ്ടാവാം. വിമർശനങ്ങൾ പിൻഗാമികൾക്ക് പ്രചോദനമാവട്ടെ, പരിമിതികളിൽ എന്നെ സഹായിച്ചവർ അനവധിയാണ്.

കട്ടക്ക് നിന്ന ജോസ് അച്ചന്, പ്രചോദനം നൽകിയ ഷാജി അച്ചന്, എബിൻ അച്ചന്, എഡിറ്റ് ചെയ്ത റിജി മിസിനും, അനീറ്റ മിസിനും, ജിനു മിസിനും, രമ്യ മിസിനും തുടക്കം തൊട്ട് കൂടെ നടന്ന ആൽബിനും, സാബിത്തിനും, ഗായോസിനും, എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും, യൂണിയൻ ഭാരവാഹികൾക്കും, കൃത്യസമയത്തു കയറിവന്ന പരീക്ഷൾക്കും, നോട്ടെഴുതിത്തന്ന പ്രിയ കൂട്ടുകാരിക്കും, അറ്റൻഡൻസ് ഇട്ടു തന്ന മിസ്സുമാർക്കും, സൃഷ്ടികൾ തന്നു സഹായിച്ച സഹപാഠികൾക്കും, പരിഹസിച്ചവർക്കും വിമർശിച്ചവർക്കും പ്രത്യേകം നന്ദി...

എല്ലാത്തിലുമുപരി ഈ മഹാദൗത്യം എന്നെ വിശ്വസിച്ചേൽപ്പിച്ച പ്രിയ സുഹൃത്തുക്കൾക്ക് ഒരായിരം നന്ദി.

നമ്മുടെ കലാലയ ജീവിതത്തിലെ ഒളി മങ്ങാത്ത
ഓർമ്മകളിൽ "AGORA" എന്നുമുണ്ടാവട്ടെ......

നിങ്ങളുടെ സ്വന്തം

കാർത്തിക് ഷൈൻ
മാഗസിൻ എഡിറ്റർ

